മാധ്യമം • ഞായർ • 08 ഡിസംബർ 2019 • ലക്കം 1643
വാരാദ്യ മാധ്യമം
varadyam@madhyamam.in

# രാജവാഴ്ച



● ചിത്രീകരണം: വിനീത് എസ്. പിള്ള

**കരിയറിൻെറ സായാഹ്നവേളയിലും കളിമൈതാനങ്ങളിൽ ലയണൽ ആന്ദ്രേസ് മെസ്സിയെന്ന ഫുട്ബാളറുടെ രാജവാഴ്ച തുടരുകയാണ്. ഗോളുകളിൽനിന്ന് ഗോളുകളിലേക്കും പുരസ്കാരങ്ങളിൽനിന്ന് പുരസ്കാരങ്ങളിലേക്കും നീങ്ങുന്ന ആ ജൈത്രയാത്രയുടെ കളമൊരുക്കങ്ങളിലേക്ക്...**

എൻ.എസ്. നിസാർ

അടർക്കളത്തിൽ ഒരുപാടു ശത്രുയോദ്ധാക്കൾക്കെതിരെ ഒറ്റക്ക് പോരിനിറങ്ങുന്ന സൂപ്പർഹീറോയുടെ പരിവേഷമുണ്ടയാൾക്ക്. വേഗവും കൃത്യതയും കൗശലവും കൈമുതലാക്കി ആൾക്കൂട്ടത്തിനിടയിലേക്ക് ആത്മവിശ്വാസത്തോടെ അയാൾ ആക്രമണത്തിനിറങ്ങുകയാണ്. അതിശയകരമായ ശരീരചലനങ്ങളാൽ, തടയാനെത്തുന്നവരുടെ പത്മവ്യൂഹം ഭേദിച്ച് ഒരു മാന്ത്രികനെപ്പോലെ മറുതലക്കൽ പ്രത്യക്ഷപ്പെടുമ്പോൾ ഒട്ടിപ്പിടിച്ചെന്നപോലെ അപ്പോഴും പന്ത് ആ പാദങ്ങളിലുണ്ടാകും. തുടർന്ന് ലക്ഷ്യത്തിലേക്ക് അളന്നുകുറിച്ചുള്ള പ്രഹരം. വർഷങ്ങൾക്കുമുമ്പ് തുടങ്ങിയ ആ ജാലവിദ്യ മഡ്രിഡിലെ വാണ്ട മെട്രോപൊളിറ്റാനോയിൽ കഴിഞ്ഞ ദിവസം തൻെറ 32ാം വയസ്സിലും അയാൾ പുറത്തെടുത്തു. തൊട്ടുപിറ്റേന്ന് ആറാമതൊരിക്കൽകൂടി ലോക ഫുട്ബാളിൻെറ മിന്നുംതാരമായി അയാൾ അഭിഷിക്തനായി.

## റൊസാരിയോയിലെ താരപ്പിറവി

1987 ജൂൺ 27ന് അർജൻറീനയിലെ റൊസാരിയോയിലായിരുന്നു ആ താരപ്പിറവി. സ്റ്റീൽ പ്ലാൻറിൽ ജോലിക്കാരനായ ജോർജ് മെസ്സിയുടെയും കാന്ത നിർമാണ ഫാക്ടറിയിലെ തൊഴിലാളിയായ സെലിയ കുചീറ്റിനിയുടെയും നാലു മക്കളിൽ മൂന്നാമനായാണ് ലയണൽ മെസ്സി ജനിച്ചത്. മൂത്ത സഹോദരന്മാരായ മത്യാസ്, റോഡ്രിഗോ, ഇളയ സഹോദരി മരിയ സോൾ എന്നിവർക്കൊപ്പം റൊസാരിയോയിൽ അവൻ പിച്ചവെച്ചു തുടങ്ങി. ഒരു വയസ്സായപ്പോൾ തന്നെ ഫുട്ബാളിനോട് വല്ലാത്ത കമ്പം കാട്ടിത്തുടങ്ങിയിരുന്നു ആ കുരുന്ന്. ജ്യേഷ്ഠന്മാർക്കും ബന്ധുക്കളായ മാക്സിമിലിയാനോ, ഇമ്മാനുവൽ ബിയാൻകൂച്ചി എന്നിവർക്കുമൊപ്പമായിരുന്നു കുട്ടിക്കാലത്തെ പന്തുകളി.

മെസ്സിക്ക് നാലു വയസ്സുള്ളപ്പോൾ മുത്തശ്ശി സെലിയയാണ് അവനിൽ വളർന്നുവരുന്ന ഫുട്ബാൾ താരത്തെ കാര്യമായി നിരീക്ഷിച്ചത്. കുഞ്ഞു ലിയോ ആരാലും അറിയപ്പെടുന്ന ഫുട്ബാൾ താരമായി മാറണമെന്ന് അക്കാലത്ത് തീവ്രമായി ആഗ്രഹിച്ചിരുന്നതും അവർ മാത്രമായിരുന്നു. റൊസാരിയോയിലെ ഗ്രാൻഡോലി ഫുട്ബാൾ ക്ലബിലേക്ക് ആ നാലു വയസ്സുകാരൻെറ കൈപിടിച്ച് അവരെത്തിയത് അവനെ കളിക്കാരനാക്കാനുറച്ചുതന്നെ. ലിയോയുടെ പിതാവ് ജോർജ് മെസ്സിയായിരുന്നു അവിടെ പരിശീലകൻ.

കട്ടക്ക് കൂടെനിന്നുവെന്നതു മാത്രമായിരുന്നില്ല മുത്തശ്ശിയുടെ മിടുക്ക്. മാതാപിതാക്കളോട് മെസ്സിക്ക് ആദ്യമായി ബൂട്ടുവാങ്ങി നൽകാൻ പ്രേരിപ്പിച്ചതും അവരാണ്. പിന്നീട് ഗ്രാൻഡോലിയിൽ തൻെറ ചെറുമകനെ മാച്ച് ടീമിൽ ഉൾപ്പെടുത്തണമെന്ന് ജോർജിനെ നിർബന്ധിച്ചുകൊണ്ടിരുന്നതും സെലിയയായിരുന്നു. പന്തിനെ അത്രമേൽ ആകർഷകമായി അതിദ്രുതം മെരുക്കിയെടുത്ത കുഞ്ഞുമകൻെറ പദചലനങ്ങളോരോന്നും സെലിയയുടെ വലിയ പ്രതീക്ഷകളിലേക്കുള്ള അളന്നുകുറിച്ച പാസുകളായിരുന്നു. ശാരീരികമായി തന്നെക്കാൾ മിടുക്കുള്ള സഹതാരങ്ങളെ പന്തടക്കത്തിലും ഡ്രിബ്ലിങ്ങിലും കവച്ചുവെട്ടി ലിയോ കുതിച്ചുകയറുന്നത് അവരെ ഹരം കൊള്ളിച്ചു. ലോക ഫുട്ബാളിനെ ആവേശത്തിലാഴ്ത്തിയ മഹാപ്രതിഭയുടെ വളർച്ചക്കുവേണ്ടി പ്രാർഥനാനിർഭരമായി കാത്തിരുന്ന ആ ജീവിതം പക്ഷേ, സ്വപ്നങ്ങൾ പൂത്തുതളിർക്കുന്നതിനുമുമ്പേ അവസാനിച്ചു. മെസ്സിക്ക് 10 വയസ്സുള്ളപ്പോഴായിരുന്നു മുത്തശ്ശിയുടെ മരണം. പിന്നീട് കരിയറിലെ ഓരോ ഗോളും മെസ്സി ആകാശത്തേക്ക് കൈയുയർത്തി ആഘോഷിക്കുന്നതിനു കാരണം, കളിയുടെ വഴിയിലേക്ക് കൈപിടിച്ചുനടത്തിച്ച അവരോടുള്ള ആദരവായിരുന്നു.

## ഒപ്പമുണ്ട്, കുടുംബം

മെസ്സി സൂപ്പർതാരമായി പേരെടുത്തതോടെ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുകയാണ് മാതാപിതാക്കളും സഹോദരങ്ങളും. വർഷങ്ങളായി ലിയോയുടെ ഏജൻെറന്ന മേൽവിലാസം കൂടിയുണ്ട് പിതാവ് ജോർജിന്. മെസ്സിയുടെ പേരിലുള്ള ചാരിറ്റി ഫൗണ്ടേഷൻെറ പ്രവർത്തനങ്ങളിൽ സഹായിക്കുകയാണ് മാതാവ് കുചീറ്റിനി. സഹോദരൻ റോഡ്രിഗോയാണ് മെസ്സിയുടെ ദൈനംദിന ഷെഡ്യൂളും പബ്ലിസിറ്റിയും കൈകാര്യം ചെയ്യുന്നത്. മറ്റൊരു സഹോദരൻ മാറ്റിയാസിനാണ് ലയണൽ മെസ്സി ഫൗണ്ടേഷൻെറ ചുമതല. കുട്ടിക്കാലം മുതൽ കൂട്ടുകാരിയായിരുന്ന അൻേറാണെല്ല റൊക്യൂസോയാണ് മെസ്സിയുടെ ജീവിത പങ്കാളി. മൂന്ന് ആൺകുട്ടികളുണ്ട് അവർക്ക്. തിയാഗോയും മാറ്റിയോയും സിറോയും.



ഭാര്യ അൻേറാണെല്ലക്കും മക്കൾക്കുമൊപ്പം

## ബാഴ്സ വിളിക്കുന്നു

മുത്തശ്ശിയുടെ മരണത്തിനു പിന്നാലെയാണ് കുഞ്ഞു മെസ്സിയുടെ വളർച്ചക്കുറവ് രക്ഷിതാക്കൾക്ക് ബോധ്യമാവുന്നത്. സമപ്രായക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ ലിയോ ഏറെ ചെറുതായിരുന്നു. ആശങ്കാകുലരായ മാതാപിതാക്കൾ അവനെ ഡോക്ടറുടെ അടുത്തെത്തിച്ചു. വളർച്ചയെ സഹായിക്കുന്ന ഹോർമോണിൻെറ കുറവാണ് മെസ്സിയുടെ പ്രശ്നമെന്നായിരുന്നു ഡോക്ടറുടെ വെളിപ്പെടുത്തൽ. പ്രതിമാസം 1500 ഡോളർ ചെലവുവരുന്ന പ്രത്യേക ചികിത്സ നൽകിയാൽ മാത്രമേ വളർച്ച ത്വരിതപ്പെടുത്താനാവൂ എന്നായിരുന്നു ഡോക്ടറുടെ നിർദേശം. നിസ്സഹായനായിരുന്നു ജോർജ് മെസ്സി. അന്ന് ലിയോ നെവൽസ് ഓൾഡ് ബോയ്സിലാണ് കളിച്ചുകൊണ്ടിരുന്നത്. ജോർജ് അവരുടെ സഹായം തേടി. ചെറിയ സഹായമെന്തെങ്കിലും വേണമെങ്കിൽ ചെയ്യാമെന്നായിരുന്നു മറുപടി. മകൻെറ ചികിത്സക്കായി ജോർജ് മറ്റു മാർഗങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നു. ബ്വേനസ് എയ്റിസിലെ അതിപ്രശസ്തമായ റിവർ പ്ലേറ്റ് ടീമിലേക്ക് മെസ്സി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ രക്ഷിതാക്കൾക്ക് പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ, ആ വിശ്വാസവും പുലർന്നില്ല. പണം മുടക്കാനാവില്ലെന്നായിരുന്നു റിവർ പ്ലേറ്റിൻെറ നിലപാട്. അതിനിടെ, ആ വാർത്ത സ്പെയിനിലെ ബാഴ്സലോണ ക്ലബിൻെറ ടെക്നിക്കൽ ഡയറക്ടർ ചാർലി റെക്സാച്ചിൻെറ ചെവിയിലുമെത്തിയിരുന്നു. ഇതിഹാസതാരം ഡീഗോ മറഡോണയുടെ കേളീശൈലിയോട് സാമ്യമുള്ള 13 കാരൻ പയ്യൻ അർജൻറീനയിലുണ്ടെന്ന വാർത്തക്കുപിന്നാലെ ചാർലി അവനെക്കുറിച്ച് അന്വേഷിച്ചു. ലിയോയുടെ കളിമികവിനെക്കുറിച്ച് ആധികാരിക വിവരങ്ങൾ ലഭിച്ചതോടെ താരത്തിൻെറ കുടുംബത്തിനുമുമ്പാകെ അദ്ദേഹം, ആ വാഗ്ദാനം മുന്നോട്ടുവെച്ചു. 'ബാഴ്സലോണയിൽ നടക്കുന്ന ട്രയൽസിൽ തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ മെസ്സിയുടെ ചികിത്സച്ചെലവ് ക്ലബ് പൂർണമായി വഹിക്കും. സ്പെയിനിൽ താമസസൗകര്യവുമൊരുക്കും.'

## നാപ്കിൻ പേപ്പറിൽ ഒപ്പിട്ട കരാർ..!

ചരിത്രനിയോഗത്തിൻെറ ആദ്യപടിയായി, അത്ലാൻറിക് സമുദ്രത്തിന് മുകളിലൂടെ ലിയോ പിതാവിനൊപ്പം പറന്നു. നൂകാമ്പിലെ കേളികേട്ട തട്ടകത്തിൽ അവൻ തൻെറ കളിമിടുക്ക് ചാർലിക്കും കൂട്ടർക്കും മുന്നിൽ പുറത്തെടുക്കാൻ കുപ്പായമിട്ടിറങ്ങി. പന്തുമായി മൈതാനത്തിറങ്ങിയ ലിയോയുടെ പദചലനങ്ങൾ ചാർലിയെ അങ്ങേയറ്റം വിസ്മയിപ്പിക്കുന്നതായിരുന്നു. 'എങ്ങനെയാണീ കുട്ടി പന്തിനെ ഇത്ര അനായാസമായി കൈകാര്യം ചെയ്യുന്നത്?' അതിശയം കൂറിയ ചാർലി മെസ്സിയുമായി അവിടെവെച്ചുതന്നെ കരാറിൽ ഒപ്പിട്ടത് ഒരു നാപ്കിൻ പേപ്പറിലായിരുന്നു!

ബാഴ്സലോണയുടെ ലാ മാസിയ അക്കാദമിയിൽ അവൻ കളിച്ചുവളരാൻ തുടങ്ങി. നൈസർഗിക പ്രതിഭാശേഷിയുള്ള, ഡ്രിബ്ലിങ്ങിൽ അതിമിടുക്കനായ താരമായി ബാഴ്സലോണയിൽ അവൻ ക്ഷണത്തിൽ പേരെടുത്തു. പകൽസമയത്ത് പരിശീലനത്തിൽ മുഴുകുന്ന ലിയോ, കളത്തിൽ അതിശയം വിരിയിക്കുന്ന അതേപാദങ്ങളിൽ രാത്രികാലങ്ങളിൽ ഹോർമോൺ ചികിത്സക്കുള്ള ഇഞ്ചക്ഷനുകൾ സ്വീകരിക്കുകയായിരുന്നു പതിവ്. വർഷങ്ങൾ ഈ പതിവ് തുടർന്നു.

## മാനംമുട്ടെ വളർന്ന്

ക്ലബിൻെറ വിവിധ യൂത്ത് ടീമുകളിലായി അവൻ കളിച്ച് മുന്നേറുകയായിരുന്നു. ചികിത്സയുടെ ഫലമായി ശാരീരികമായും പതിയെ വളർന്നു. 2003ൽ 16ാം വയസ്സിലെത്തിയ ശേഷം അവൻെറ വളർച്ച സ്വാഭാവികമായിട്ടായിരുന്നു. ബാഴ്സയിലെത്തുമ്പോൾ നാലടി ഏഴിഞ്ചു മാത്രമുണ്ടായിരുന്ന ആ ബാലൻ കാറ്റലോണിയക്കാരുടെ കരുതലിൽ അഞ്ചടി ഏഴിഞ്ചിലേക്ക് വളർന്നു. 2003ൽതന്നെ ബാഴ്സലോണയുടെ ഫസ്റ്റ് ടീമിൽ അരങ്ങേറ്റമായി. ഹോസെ മൗറീന്യോ പരിശീലിപ്പിച്ചിരുന്ന എഫ്.സി പോർട്ടോക്കെതിരെ സൗഹൃദമത്സരത്തിലായിരുന്നു ആദ്യം കളത്തിലെത്തിയത്. പ്രശംസനീയമായ പ്രകടനത്തോടെ ലിയോ വരവറിയിക്കുകയായിരുന്നു. കളിയെഴുത്തുകാർ അവൻെറ കരുനീക്കങ്ങളെ വാഴ്ത്തിപ്പാടി. ബാഴ്സയുടെ അന്നത്തെ മിന്നുംതാരം റൊണാൾഡീന്യോ മെസ്സിയെക്കുറിച്ച് വാതോരാതെ സംസാരിച്ചു.

ഓരോ വർഷം പിന്നിടുമ്പോഴും ബാഴ്സലോണയിൽ മെസ്സി മാനംമുട്ടെ വളർന്നുകൊണ്ടിരുന്നു. ലോകം അവൻെറ കഴിവുകൾ കണ്ടും കേട്ടും സാക്ഷ്യപ്പെടുത്തി. 2008-09 വർഷത്തിൽ ബാഴ്സക്ക് മൂന്നു കിരീടങ്ങളടക്കം നേടിക്കൊടുത്ത് ആ ജൈത്രയാത്രക്ക് ആക്കം കൂടി. 22ാമത്തെ വയസ്സിൽ ലോകത്തെ ഏറ്റവും മികച്ച കളിക്കാരനുള്ള ഫിഫ, ബാലൺ ഡി ഓർ പുരസ്കാരങ്ങൾ. കളിയുടെ സമവാക്യങ്ങളെ കീഴ്മേൽ മറിച്ച വ്യക്തിപ്രഭാവവുമായി ഫുട്ബാളിൻെറ അൾത്താരയിൽ വിശുദ്ധനായി വാഴ്ത്തപ്പെട്ട ആ യുവാവ്, കളിയുടെ ചതുരക്കളത്തിൽ പിന്നീട് വരച്ചുകാട്ടിയതൊക്കെ ചരിത്രം. കിരീടങ്ങളിൽനിന്ന് കിരീടങ്ങളിലേക്ക് ബാഴ്സലോണയെയും അവിശ്വസനീയ ഗോളുകളുടെ ആനന്ദക്കാഴ്ചകളിലേക്ക് ലോകത്തെയും കൈപിടിച്ചുനടത്തിയ കരിയറിൻെറ സായാഹ്നവേളയിൽ ലോകത്തെ മികച്ച കളിക്കാരനുള്ള ബാലൺ ഡി ഓർ പുരസ്കാരം ആറാം തവണയും കൈകളിലേറ്റുവാങ്ങി ലിയോ വീണ്ടും അതിശയിപ്പിക്കുകയാണ്. നിറംകെടുന്ന സമയത്ത് നിറഞ്ഞുകത്തിക്കൊണ്ട്... ●

## 'അവൻെറ കാലുകൾ വിരലുകൾ പോലെയായിരുന്നു'

തുടക്കത്തിൽ ആരോടും അധികം സംസാരിക്കാതിരുന്ന മെസ്സി ബധിരനാണെന്നുവരെ തങ്ങൾ തെറ്റിധരിച്ചിരുന്നതായി അക്കാദമിയിൽ ഒപ്പമുണ്ടായിരുന്ന സെൻറർ ബാക്ക് ജെറാർഡ് പിക്വെ പറയുന്നു. ഡ്രസിങ് റൂമിലായാലും പുറത്തായാലും അവൻ ഒറ്റക്കിരിക്കുകയാവും. ആദ്യ ഒരു മാസം ഞങ്ങളോടൊന്നും ഒന്നും മിണ്ടിയില്ല. സ്വിറ്റ്സർലൻഡിൽ ഒരു ടൂർണമെൻറിനു പോയപ്പോഴാണ് അവൻ ഞങ്ങളോട് കൂട്ടുകൂടാനും സംസാരിക്കാനുമൊക്കെ തുടങ്ങിയത്. അന്നുവരെ കണ്ട ലിയോയല്ല അതെന്ന് തോന്നി. ബാഴ്സയിലെത്തുന്ന സമയത്ത് ഉയരം കുറഞ്ഞ് മെലിഞ്ഞ രൂപമായിരുന്നു ലിയോയുടേത്. അവൻെറ കാലുകൾ വിരലുകൾപോലെയായിരുന്നു തോന്നിച്ചത്. "അവനെ കടുത്ത രീതിയിൽ ടാക്ൾ ചെയ്യരുത്. എല്ലൊടിഞ്ഞുപോകും'' -കോച്ച് ഞങ്ങൾക്ക് മുന്നറിയിപ്പ് നൽകി.

## മെസ്സിയുടെ ബാലൺ ഡി ഓർ നേട്ടങ്ങൾ



2009
2010
2011
2012
2015
2019

## കരിയർ

| | |
|---|---|
| മത്സരങ്ങൾ | 839 |
| ഗോളുകൾ | 684 |
| അസിസ്റ്റ് | 281 |
| **ബാഴ്സലോണ** | |
| മത്സരങ്ങൾ | 701 |
| ഗോളുകൾ | 614 |
| അസിസ്റ്റ് | 239 |
| **സ്പാനിഷ് ലീഗ്** | |
| മത്സരങ്ങൾ | 461 |
| ഗോളുകൾ | 428 |
| അസിസ്റ്റ് | 167 |
| **അർജൻറീന** | |
| മത്സരങ്ങൾ | 138 |
| ഗോളുകൾ | 70 |
| അസിസ്റ്റ് | 42 |



### പ്രധാന കിരീട നേട്ടങ്ങൾ

**ലാ ലിഗ (10)**
2004-05, 2005-06, 2008-09, 2009-10, 2010-11, 2012-13, 2014-15, 2015-16, 2017-18, 2018-19

**കോപ ഡെൽ റേ (6)**
2008-09, 2011-12, 2014-15, 2015-16, 2016-17, 2017-18

**ചാമ്പ്യൻസ് ലീഗ് (4)**
2005-06, 2008-09, 2010-11, 2014-15



ഗ്രാൻഡോലി ഫുട്ബാൾ ക്ലബിൻെറ ജഴ്സിയിൽ മെസ്സി

ഡോക്യുമെൻററി



# ഭീകരതയുടെ ഗോരക്ഷക വേഷം

അബൂബക്കർ സിദ്ദീഖ്

ഗോ സംരക്ഷക ഭീകരർ നടത്തുന്ന ആൾക്കൂട്ട കൊലപാതകങ്ങൾ നവ ഇന്ത്യൻ അവസ്ഥയിൽ അത്ര വാർത്താ പ്രാധാന്യമില്ലാത്ത ഒന്നായി മാറിയിരിക്കുന്നു. തീവ്ര ഹിന്ദുത്വവാദികൾ ന്യൂനപക്ഷങ്ങളുടെ മേൽ അധീശത്വം അരക്കെട്ടുറപ്പിക്കാൻ ഗോ സംരക്ഷണം പ്രധാന ആയുധമാക്കിയിരിക്കുകയാണ്. ദ ഗാർഡിയൻ ഈയടുത്തായി പുറത്തിറക്കിയ 'The Hour of Lynching - vigilante violence in India' എന്ന ഡോക്യുമെൻററി ഇന്ത്യയിലെ ആൾക്കൂട്ട കൊലകളെ കൃത്യമായി അനാവരണം ചെയ്യുന്നുണ്ട്. ഗോരക്ഷക ഭീകരരാൽ അറുകൊലചെയ്യപ്പെട്ട രാജസ്ഥാനിലെ ആൽവാർ ജില്ലയിലെ റഖ്ബർ ഖാൻെറ മരണശേഷമുള്ള സംഭവവികാസങ്ങളും ആ കുടുബത്തിൻെറ നിസ്സഹായതയുമാണ് പ്രധാന ഇതിവൃത്തം.

കൂലിവേലയെടുത്തും കന്നുകാലികളെ പോറ്റിയും ലഭിക്കുന്ന തുച്ഛ വരുമാനംകൊണ്ടാണ് റഖ്ബറിൻെറ കുടുംബം കഴിഞ്ഞിരുന്നത്. സ്വന്തമായി അഞ്ച് പശുക്കളുള്ള റഖ്ബർ രണ്ടെണ്ണം കൂടി വാങ്ങാനാണ് വൈകുന്നേരം അൽവാറിലെ വീട്ടിൽനിന്ന് പുറത്തുപോയത്. ട്രക്കുകളിൽ കയറ്റി റോഡ്മാർഗമാണ് മുമ്പ് കന്നുകാലികളെ അൽവാറിലേക്ക് കൊണ്ടുവന്നിരുന്നത്. ഗോരക്ഷക ഗുണ്ടകളുടെ അക്രമണം ശക്തമാവുകയും ക്ഷീര കർഷകനായ പെഹ്ലുഖാൻ അറുകൊല ചെയ്യപ്പെടുകയും ചെയ്തതോടെ രാത്രികാലങ്ങളിൽ വനത്തിലൂടെ അതിരഹസ്യമായാണ് ഇപ്പോൾ കാലികളെ കൊണ്ടുവന്നിരുന്നത്. അറുപതിനായിരം രൂപക്ക് രണ്ട് പശുക്കളെയും കിടാങ്ങളെയും വാങ്ങി മടങ്ങവെ യാൽഖണ്ടി വനമേഖലയിൽ പശുവിനെ അറുക്കാൻ കൊണ്ടുപോവുകയാണെന്ന് ആരോപിച്ച് ഗോരക്ഷാക ഭീകരർ അദ്ദേഹത്തെ തടഞ്ഞു. വടിയും മറ്റു മാരകായുധങ്ങൾകൊണ്ടും റഖ്ബർ ക്രൂരമായി ആക്രമിക്കപ്പെട്ടു.

സംഭവം നടന്ന് ഒരു മണിക്കൂർ കഴിഞ്ഞാണ് പൊലീസ് സ്ഥലത്തെത്തിയത്. തികഞ്ഞ നിസ്സംഗതയോടെയാണ് നിയമപാലകർ പ്രതികരിച്ചത്. മൃതപ്രായനായ റഖ്ബറിനെ ആശുപത്രിയിൽ എത്തിക്കുന്നതിന് പകരം പശുക്കളെ സുരക്ഷിത കേന്ദ്രത്തിൽ എത്തിക്കാനാണ് അവർ വ്യഗ്രത കാണിച്ചത്. നാല് മണിക്കൂർ കഴിഞ്ഞാണ് ജീവച്ഛവമായി കിടന്ന അദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചത്. റഖ്ബറിൻെറ ചെളിയും ചോരയും നിറഞ്ഞ മുഖം കഴുകി, അഴുക്കായ വസ്ത്രങ്ങൾ മാറ്റിയുടുപ്പിച്ച് ഹിന്ദുത്വ ആക്രമണത്തെ വെള്ളപൂശാൻ പൊലീസ് ശ്രമിക്കുകയും ചെയ്തു. ആശുപത്രിയിലേക്കുള്ള വഴിമധ്യേ അവർ ചായകുടിക്കാൻ ഇറങ്ങിയെത്ര! ഈ സമയമത്രയും റഖ്ബർ ഖാൻ വേദനകൊണ്ട് പുളയുന്നുണ്ടായിരുന്നു. ആശുപത്രിയിലേക്ക് എത്തുന്നതിനുമുമ്പുതന്നെ റഖ്ബർ മരിച്ചതായി ഡോക്ടർ അലിഹസൻ സാക്ഷ്യപ്പെടുത്തുന്നു. ആന്തരികാവയവങ്ങൾക്കേറ്റ ക്ഷതവും രക്തസ്രാവവുമാണ് മരണത്തിന് കാരണമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നു.

ഡോക്യുമെൻററിയുടെ നല്ലൊരു ഭാഗവും റഖ്ബർഖാൻെറ മരണാനന്തരം നാഥൻ നഷ്ടപ്പെട്ട, മണ്ണുക്കൊണ്ട് പടുത്തുയർത്തിയ കൊച്ചുകൂരയിലെ ദുഃഖം തളംകെട്ടി നിൽക്കുന്ന ദൃശ്യങ്ങളാണുള്ളത്. ഏഴ് കുട്ടികളുടെ മാതാവായ റഖ്ബറിൻെറ വിധവ അസ്മീനയുടെയും കുടുംബ ഭാരം മുഴുവൻ തോളിലേറ്റി സ്കൂൾ പഠനം അവസാനിപ്പിക്കേണ്ടിവന്ന മൂത്ത മകൾ ശാഹിനയുടെയും ദുഃഖസാന്ദ്ര മുഖം കാണിക്കുന്ന രംഗങ്ങൾ മനുഷ്യത്വമുള്ള ഹൃദയങ്ങളിൽ നൊമ്പരം തീർക്കും.

> ദ ഗാർഡിയൻ പുറത്തിറക്കിയ 'The Hour of Lynching - vigilante violence in India' എന്ന ഡോക്യുമെൻററി ഇന്ത്യയിലെ ആൾക്കൂട്ട കൊലകളെ കൃത്യമായി അനാവരണം ചെയ്യുന്നു.



സാമൂഹികമായും സാമ്പത്തികമായും പിന്നിൽ നിൽക്കുന്ന അൽവാർ ഗ്രാമത്തിലെ മുസ്ലിംകൾ ഗോരക്ഷക ഗുണ്ടകളുടെ വിളയാട്ടത്തിനു മുന്നിൽ ഭീതിയോടെയാണ് ഇപ്പോഴും കഴിയുന്നത്. മോദിയുടെ ഇന്ത്യയിൽ മുസ്ലിം ജീവിതം അത്രമേൽ ദുഷ്കരമാണെന്ന് ദൃശ്യങ്ങൾ അടിവരയിടുന്നു. മുസ്ലിംകളുടെ ജീവന് ഇവിടെ ഒട്ടും വില കൽപിക്കപ്പെടുന്നില്ല. "പട്ടിയെപ്പോലെയും പൂച്ചയെപ്പോലെയുമാണ് ഞങ്ങൾ കൊലചെയ്യപ്പെടുന്നത്" -എന്ന റഖ്ബർ ഖാൻെറ മയ്യിത്ത് സംസ്കാരത്തിൽ പങ്കെടുത്ത ബന്ധുവിൻെറ വാക്കുകളിൽ ഈ ഭീതി വായിച്ചറിയാനാവും.

കർഷകരിൽനിന്ന് പിടികൂടിയ ആയിരക്കണക്കിന് പശുക്കളെ പാർപ്പിച്ചിരിക്കുന്ന ഗോശാല സ്ഥലത്തെ നിയമസഭാംഗം ഗ്യാൻദേവ് അഹുജ റഖ്ബർ കൊല്ലപ്പെട്ടതിൻെറ മൂന്നാം ദിനം സന്ദർശിക്കുന്നുണ്ട്. റഖ്ബർ അടക്കം നിരവധി ജീവനുകളെ നിർലജ്ജം അടിച്ചുകൊന്ന ഭീകരരെ ന്യായീകരിക്കാനും പ്രോത്സാഹിപ്പിക്കാനുമാണ് അദ്ദേഹം തുനിഞ്ഞത്. "ഇപ്പോൾ തന്നെ പതിനെട്ടായിരം പശുക്കളെ രക്ഷപ്പെടുത്തി കഴിഞ്ഞു" റഖ്ബറിൽനിന്നും 'രക്ഷപ്പെടുത്തിയ' പശുക്കളെ ലാളിച്ചുകൊണ്ട് അദ്ദേഹം പറയുന്നത് കാണാം. മോദിയുടെ ഇന്ത്യയിൽ മനുഷ്യജീവനെക്കാൾ വില പശുവിനാണ് എന്നത് അതിശയോക്തിയല്ലെന്ന് ഈ ദൃശ്യങ്ങൾ ബോധ്യപ്പെടുത്തുന്നു. പതിനെട്ട് മിനുട്ട് ദൈർഘ്യമുള്ള ദൃശ്യാവിഷ്കാരത്തിൻെ വി.എച്ച്.പി ഗോരക്ഷക് സെൽ ചീഫ് ആയ നവൽ കിഷോർ ശർമ റഖ്ബറിൻെറ കൊലപാതകത്തിന് ശേഷം നടത്തിയ പ്രസംഗമുണ്ട്. റഖ്ബർ കേസിൽ ഉൾപ്പെട്ട മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്ത നടപടിക്കെതിരെ അദ്ദേഹം രോഷംകൊള്ളുകയാണ്. പശുക്കളെ കശാപ്പുചെയ്യുന്ന മുസ്ലിംകളെ കൂട്ടക്കുരുതി നടത്തി തുടച്ചുനീക്കാൻ തൻെറ മുന്നിലെ ജനസാഗരത്തോട് അയാൾ ആഹ്വാനം ചെയ്തു. ഞങ്ങളെ വേദനിപ്പിച്ചാൽ നിങ്ങൾ ഇരുനൂറു ദശലക്ഷം മുസ്ലിംകളെയും ഞങ്ങൾ കൊന്നുതള്ളും എന്ന ഭീഷണിയും മുഴക്കുന്നു. നമ്മൾ നൂറുകോടിയുണ്ടെന്ന് അവിടെ ഒത്തുകൂടിയവരെ ഓർമിപ്പിച്ച്, ജയ് ശ്രീരാം മുഴക്കി അയാൾ സംസാരം അവസാനിപ്പിക്കുന്നു. പ്രേക്ഷകരുടെ മുന്നിൽ ചില സ്ഥിതിവിവര കണക്കുകൾ നിരത്തി കൊണ്ടാണ് ഡോക്യുമെൻററി ആരംഭിക്കുന്നത്. 2014ൽ നരേന്ദ്ര മോദിയുടെ എൻ.ഡി.എ സർക്കാർ അധികാരത്തിലേറിയതു മുതൽ ഗോരക്ഷഗുണ്ടകളുടെ ആക്രമണത്തിൽ 40 മനുഷ്യർ കൊല്ലപ്പെട്ടിട്ടുണ്ട്. ഇതിൽ എഴുപത്താറു ശതമാനവും മുസ്ലിംകളാണ്. അതിന് മുമ്പ് 2010ൻെറയും 2013ൻെറയും ഇടയിൽ പശുവുമായി ബന്ധപ്പെട്ട ആൾക്കൂട്ട കൊലകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്നതും പ്രസ്താവ്യമാണ്. ●

# പാട്ടാകാശത്തിലെ കുഞ്ഞുനക്ഷത്രം

**സ്വയം വളരാനും അറിയപ്പെടാനും അവസരങ്ങൾ തേടിപ്പിടിക്കാനും യു ട്യൂബ് അടക്കമുള്ള സാമൂഹികമാധ്യമ പ്ലാറ്റ്ഫോമുകൾ പുതുതലമുറ കലാകാരൻമാർക്ക് വലിയ അവസരം നൽകുന്നുണ്ട്. യുട്യൂബിൽ ഒമ്പത് ലക്ഷത്തിലധികം ആസ്വാദകർ സ്വന്തമായുള്ള ഒരു മലയാളി ബാലികയെ കുറിച്ചും അവളുടെ പാട്ടുലോകത്തെ കുറിച്ചും...**

ഫർസാന കെ.

പാട്ടോരം



ആയിഷ അബ്ദുൽ ബാസിത്ത്

വാക്കുകൾ കൂട്ടിപ്പറഞ്ഞു തുടങ്ങുംമുമ്പ് തൊട്ടിലിൽ കിടന്ന് മാതാവിൻെറ താരാട്ടിനൊപ്പം ഈണങ്ങൾ മൂളിത്തുടങ്ങിയതാണ് കുഞ്ഞു ആയിഷ. മൂന്നു വയസ്സിലെത്തിയപ്പോഴേക്കും കുഞ്ഞുവാക്കുകൾ പെറുക്കിവെച്ച് വരികളാക്കി പാടിത്തുടങ്ങി. അങ്ങനങ്ങനെ പാടിപ്പാടി ഇപ്പോൾ ലക്ഷങ്ങൾ ഫോളോവേഴ്സുള്ള വലിയ പാട്ടുകാരിയായിരിക്കുന്നു ഈ പതിനാലുകാരി.

ഇത് ആയിഷ അബ്ദുൽ ബാസിത്ത്. അബൂദബി സർക്കാറിൻെറ ആരോഗ്യകേന്ദ്രത്തിൽ ജോലിചെയ്യുന്ന മാഹിക്കാരൻ അബ്ദുൽ ബാസിത്തിൻെറയും തസ്നിമിൻെറയും കടിഞ്ഞൂൽകുട്ടി. അക്ഷരങ്ങൾ വേർതിരിച്ചെടുക്കാനാവാത്ത കുഞ്ഞു ആയിഷയുടെ പാട്ടുകൾക്ക് പക്ഷേ ഈണമേറെയായിരുന്നുവെന്ന് അബ്ദുൽ ബാസിത്ത് ഓർക്കുന്നു. മാതാവാണ് ആയിഷയുടെ ഗുരു. അവളുടെ സ്വരമാധുര്യത്തിന് രാഗമായും പിഴവുകൾക്ക് ശ്രുതിയായും വാക്കുകളായും അവർ കൂടെനിന്നു. അങ്ങനെ കുഞ്ഞുവായിൽ വഴങ്ങാത്ത പാട്ടുകൾപോലും ആയിഷ സ്വായത്തമാക്കി. ചെറുപ്പകാലത്തെവിടെയോ വീണുപോയ തൻെറ പാട്ടുകളെ പൊടിതട്ടി എടുക്കുക കൂടിയായിരുന്നു ഇതിലൂടെ തസ്നിം. ആറു വയസ്സുമുതൽ ശാസ്ത്രീയമായി സംഗീതം അഭ്യസിച്ചുതുടങ്ങി. ഹിന്ദുസ്ഥാനി ആയിരുന്നു. സഞ്ജോയ് എന്ന കൊൽക്കത്ത സ്വദേശിക്കു കീഴിൽ. നാലു വർഷം അത് തുടർന്നു.

## സൂപ്പർസ്റ്റാറായി സീക്രട്ടായല്ല

സീക്രട്ട് സൂപ്പർസ്റ്റാർ എന്ന സിനിമ നമുക്കറിയാം. പാട്ടിനെ സ്നേഹിക്കുന്ന പെൺകുട്ടിയും അവൾക്കൊപ്പം നിൽക്കുന്ന മാതാവും. ആയിഷയുടെ കഥക്ക് പക്ഷേ അതുമായി ഒരു സാമ്യവുമില്ല. ഒന്നുണ്ട്. സീക്രട്ട് സൂപ്പർസ്റ്റാറിനെപോലെ പാട്ടിനെ ഒത്തിരി ഇഷ്ടപ്പെടുന്നുണ്ട് ഈ കുഞ്ഞു നായിക. എന്നാൽ, അവൾക്കൊപ്പം നിൽക്കാൻ മാതാവ് മാത്രമല്ല,പിതാവുമുണ്ട്. എന്നല്ല പിതാവിൻെറ പിന്തുണയാണ് അവളുടെ വളർച്ചയുടെ നട്ടെല്ല്.

ആറു വർഷം മുമ്പ് ഖുർആൻ സൂക്തമായിരുന്നു ആദ്യ യുട്യൂബ് വിഡിയോ. ഒരു ലക്ഷത്തിൽ പരമായിരുന്നു അതിൻെറ കാഴ്ചക്കാർ. രണ്ടാമതിട്ട വിഡിയോ ഏഴു ലക്ഷത്തിലേറെ ആളുകൾ കണ്ടു. ആയിഷയുടെ കൊഞ്ചൽ നിറഞ്ഞ ശബ്ദത്തിലെ പ്രവാചക കീർത്തനം എല്ലാവരുടെയും മനംകവർന്നു. ലബ് പെ ആതി ഹെ ദുആ എന്ന കവിതക്ക് 1.9 ദശലക്ഷം കാഴ്ചക്കാരുണ്ടായിരുന്നു. അന്ന് ആയിഷക്ക് പ്രായം പത്ത്. ക്രമേണ ഒട്ടും സീക്രട്ടായല്ലാതെ അവൾ സാമൂഹികമാധ്യമങ്ങളിലെ താരമായി. ഒത്തിരി ഇഷ്ടത്തോടെ എല്ലാവരും യൂട്യൂബ് ഗേൾ എന്നു വിളിച്ചു. ഹാഫിസ് അബൂബക്കർ ഹൈദരിയുടെ ഹസ്ബി റബ്ബി ജല്ലല്ലാ എന്ന നശീദ(കവിത) ആറുകോടിയോളം ആളുകളാണ് കണ്ടത്. ഇതാണ് ആയിഷയുടെ സൂപ്പർഹിറ്റും.

## അതിർത്തി കടന്ന പാട്ടുകൾ

തുടക്കം മുതലേ മലയാളികളെക്കാളേറെ മറുനാട്ടുകാരാണ് ആയിഷയെ സ്വീകരിച്ചത്. യു.എസ്, യു.കെ, ബംഗ്ലാദേശ്, അറബ്നാടുകൾ, പാകിസ്താൻ തുടങ്ങി മറുനാട്ടുകാരാണ് ആയിഷയുടെ ഫാൻസ് അധികവും. അറബി, ഉർദു, ഇംഗ്ലീഷ്, പാട്ടുകളാണ് ആദ്യം പാടിത്തുടങ്ങിയത് എന്നതിനാലാവാം ഏറെകഴിഞ്ഞാണ് മലയാളികൾ ആയിഷയെ അറിഞ്ഞു തുടങ്ങിയത്.

മാതാവ് പാടിക്കൊടുക്കുന്നതുപോലെ ഒരു പിഴവുമില്ലാതെ അതുപോലെ മോൾ പാടുന്നതുകണ്ട് അത് വിഡിയോ എടുത്ത് ഫേസ്ബുക്കിലിടുകയാണ് ആദ്യം ചെയ്തത്. വെറുമൊരു കൗതുകത്തിനാണ് വിഡിയോ പോസ്റ്റ് ചെയ്തത്. അസ്സുബ്ഹു ബദാമിൻ... അല്ലാഹു അല്ലാഹു എന്ന കവിതയായിരുന്നു അത്. പ്രതീക്ഷക്കപ്പുറത്തെ പ്രതികരണമായിരുന്നു ആ പാട്ടിന് ലഭിച്ചത്. പാകിസ്താൻ, ബംഗ്ലാദേശ്, യുകെ, യു.എസ് തുടങ്ങിയ സ്ഥലത്തുനിന്നുള്ളവരായിരുന്നു കേൾവിക്കാർ. അവർ കൂടുതൽ പാട്ടുകൾ ചോദിക്കാൻ തുടങ്ങി. നശീദ് ഗായകൻ ഇഹ്സാൻ തഹ്മീദിൻെറ തമന്ന പാടി. അതും ഹിറ്റായി. ഗായകൻ ഇഹ്സാൻ തന്നെ നേരിട്ട് പ്രശംസിച്ചു. ഇതുകേട്ട് ബ്രിട്ടനിലുള്ള അൽമുബാറക് റേഡിയോ ചാനലിൽ അതിഥിയായി വിളിച്ചു. അതിൽ പാടാനായി അവർ ഒരുപാട്ട് നിർദേശിച്ചു. അതായിരുന്നു ഹസ്ബി റബ്ബീ എന്ന പാട്ട്. ആറു കോടിയോളം ആളുകൾ യൂട്യൂബിൽ മാത്രം കണ്ടു ആ പാട്ട്. അൽമുബാറക് റേഡിയോയുടെ ആ ഇൻറർവ്യൂ ആണ് ആയിഷയുടെ ജീവിതഗതിതന്നെ മാറ്റിമറിച്ചത്. ഈ മൂന്നു ഭാഷകൾക്കുപുറമെ മലയാളം, ബംഗ്ലാ, തമിഴ്, ടർക്കിഷ്, ഇന്തോനേഷ്യൻ എന്നിവയിലും പാടി ഈ കൊച്ചുമിടുക്കി. പല ഭാഷകൾ പാടാൻ ഇഷ്ടമാണ്. പഴയകാലത്തെ പാട്ടുകൾ പൊടിതട്ടിയെടുക്കാനുള്ള ശ്രമവും ഉണ്ടായി.



ആയിഷ അബ്ദുൽ ബാസിത്ത് സാമി യൂസുഫിനൊപ്പം

പാട്ടിൻെറ അതിരില്ലാ ആകാശത്തിലേക്ക് തുറന്നിട്ട വാതിലാണ് ആയിഷക്ക് തസ്ബീഹ് എന്ന മ്യൂസിക് വിഡിയോ. അന്താരാഷ്ട്രതലത്തിൽ റിലീസ്ചെയ്ത ആയിഷയുടേതായ ഈ പാട്ടിനുമുണ്ടായി ഇഷ്ടക്കാരുടെ നീണ്ട നിര. നല്ല സ്വീകാര്യത ലഭിച്ചു അൽ ബലൂഷി പ്രൊഡക്ഷൻസിൻെറ ബാനറിൽ പുറത്തിറങ്ങിയ ഈ അറബി ഗാനത്തിന്.
പേരിനും പെരുമക്കുമൊപ്പം സാമൂഹിക മാധ്യമങ്ങൾ അവൾക്ക് സമ്മാനിച്ചത് വലിയൊരു സൗഹൃദവലയം തന്നെയായിരുന്നു. രാജ്യങ്ങളുടെ അതിർത്തികൾ കടന്നുവന്ന സൗഹൃദങ്ങൾ. അമേരിക്കയിലെ മർയം മസ്ഊദ് എന്ന കൊച്ചുകുട്ടി അതിലൊരാളാണ്. ഒമ്പതാം വയസ്സിൽ വേദഗ്രന്ഥം ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കിയ കൊച്ചു മിടുക്കി. അവിടെ ടെലിവിഷന് ചാനലിലൊക്കെ പരിപാടി നടത്താറുണ്ട്. മർയവുമായി ചേർന്ന് സംഗീതപരിപാടികൾ ചെയ്തിട്ടുണ്ട് ആയിഷ. ബംഗ്ലാദേശിലെ ഒരു പ്രമുഖ ഗായകൻ ഇസ്ഹാഖ് ഹുസൈനുമായി ചേർന്ന് ബംഗ്ലാ ഭാഷയിൽ ഒരു പാട്ടും പാടിയിട്ടുണ്ട്.

## സാമി യൂസുഫും റഹ്മാനും

വലിയൊരു പ്രചോദനമായി സാമി യൂസുഫ് എന്നും അവൾക്കു മുന്നിലുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ശൈലി പിന്തുടരാനാണ് ഇഷ്ടം. അവരുടെ ഭാഗത്തു നിന്നും എല്ലാ പിന്തുണയും കിട്ടാറുണ്ട്. എ.ആർ റഹ്മാൻ അവളുടെ കുഞ്ഞുമനസ്സിലെ വലിയ കിനാവാണ്. അദ്ദേഹത്തിൻെറ സൂഫിച്ചുവയുള്ള സംഗീതം അവൾക്ക് വല്ലാത്തൊരിഷ്ടമാണ്. അദ്ദേഹത്തോടൊപ്പം വർക്ക് ചെയ്യണമെന്നൊരാശ ഒപ്പം കൊണ്ടു നടക്കുന്നുണ്ട് ആയിഷ. സ്വന്തമായി കോൺസർട്ടുകൾ ചെയ്യണമെന്നത് മറ്റൊരു സ്വപ്നം. സിനിമാ പിന്നണി എന്നത് ആത്യന്തിക ലക്ഷ്യമല്ലെന്ന് ഈ പതിനാലുകാരി പറയുന്നു. പരമ്പരാഗതമായ സംഗീതവും സംഗീത ഉപകരണങ്ങളും ആളുകളിലെത്തിക്കണം. സന്ദേശങ്ങൾ നിറഞ്ഞ പാട്ടുകൾ പാടാനാണ് ഇഷ്ടം. ആത്മീയത നിറഞ്ഞ പാട്ടുകൾ ധാരാളമായി പാടിയിട്ടുണ്ട്. പിന്നെ, പീഡിപ്പിക്കപ്പെടുന്ന പെൺകുട്ടികൾക്കായി പാടണം. ഇത്തരം ക്രൂരതകൾക്കെതിരെ പാട്ടിലൂടെ ശബ്ദമുയർത്തണം. 'എൻെറ പാട്ടുകൾ കേൾക്കുമ്പോൾ ആളുകളുടെ മനസ്സിൽ സന്തോഷം നിറയണം. ആ സന്തോഷം നിറച്ച് അവർ സ്നേഹിക്കണം. ആ സ്നേഹം ലോകത്ത് സമാധാനം പരത്തണം' വലിയ ചിരി നിറഞ്ഞ മുഖത്തോടെ ആയിഷ പറഞ്ഞു നിർത്തി. ●

# കത്തുകൾ



### ഹൃദയസ്പൃക്കായ ജീവിതം

ലക്കം 1642ൽ 'കനിവുടൽമരങ്ങൾ' എന്ന ശീർഷകത്തിൽ ആലപ്പുഴയിലെ ഡോ. അബ്ദുൽ സലാമിനെ പരിചയപ്പെടുത്തി നിസാർ പുതുവന എഴുതിയ ലേഖനം ഹൃദയസ്പൃക്കായി. ആതുരസേവന രംഗത്ത് ആയിരങ്ങൾക്ക് ആശയും അത്താണിയുമാണ് ഡോ. അബ്ദുസ്സലാം. പതിനായിരങ്ങളുടെ കണ്ണീരൊപ്പുന്ന ഡോക്ടർ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവനിയോഗമാണ് നിർവഹിക്കുന്നത് എന്ന് ആലപ്പുഴക്കാർക്കു നന്നായി അറിയാം. വൈദ്യശാസ്ത്ര രംഗം കമ്പോളവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഡോക്ടർ തികച്ചും ഒരു വേറിട്ട വ്യക്തിത്വമാണ്.

സി.എ. സലിം, പുന്നപ്ര

### കനിവും നന്മകളും

ഡോ. അബ്ദുസ്സലാം ആതുരശുശ്രൂഷ രംഗത്ത് നിർവഹിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങൾ മാതൃകാപരമാണ്. എല്ലാ ഡോക്ടർമാർക്കും ഇങ്ങനെ ഒരു സാമൂഹിക ബോധംകൂടി ഉണ്ടായാൽ ഒരുപാട് മനുഷ്യർക്ക് ആശ്വാസം ലഭിക്കും.

വി. ഗിരീഷിൻെറ ശാപം എന്ന കഥ പൂച്ചയുടേതല്ല മലയാളിയുടേത് തന്നെയാണ്.
ലഹരിക്കെതിരായ ആനി എന്ന പെൺകുട്ടിയുടെ പോരാട്ടം ആരെയും ആവേശഭരിതരാക്കും. കുട്ടിക്കാലത്ത് കേട്ട നല്ല പാട്ടുകളുടെ ഓരത്തു കൂടി കടന്നുപോകാനും കഴിഞ്ഞു.

ഉമർ, മാറഞ്ചേരി

### ഹൃദ്യമായ യാത്ര

ഒരു സ്ത്രീയെന്ന പേരിൽ തൻെറ ചുറ്റുമുള്ള ഓരോ കണ്ണുകളെയും ഭയക്കേണ്ടിവരുന്ന ഈ കാലത്ത് ലഡാക്കിലേക്ക് ഒറ്റക്കൊരു യാത്ര. വാരാദ്യ മാധ്യമം ലക്കം 1641ൽ അനസ് അസീൻ എഴുതിയ ലക്ഷ്മിയുടെ യാത്രാവിശേഷം ഹൃദ്യാനുഭവമായി. യാത്രയിലെ ഓരോ അനുഭവവും വായനക്കാരുടെ മനസ്സിൽ വരച്ചുകാട്ടുന്നുണ്ട്. സ്ത്രീ തൻെറ സ്വപ്നങ്ങളും ആഗ്രഹങ്ങളും കുഴിച്ചുമൂടേണ്ടവളല്ലെന്ന ചിന്താഗതി അക്ഷരങ്ങളിലൂടെ ഓരോ വായനക്കാരിലേക്കും പകരുന്നുണ്ട് ലക്ഷ്മി.

ഹന്ന, കാളികാവ്

### ഒടിച്ചുകളഞ്ഞേ തീരൂ

വാരാദ്യ മാധ്യമം ലക്കം 1641ൽ കെ.ഇ.എൻ എഴുതിയ ഒടിച്ചുകളയേണ്ട സവർണക്കൊടികൾ എന്ന ലേഖനം വായിച്ചു. പഠിച്ചുവളരുന്ന, ഉന്നത ഭാവിജീവിതം സ്വപ്നം കാണുന്ന വിദ്യാർഥികൾ എങ്ങനെയാണ് സവർണമേധാവിത്വത്തിൻെറ ഇരകളാകുന്നത് എന്നത് സവിസ്തരം എഴുത്തുകാരൻ വിശദീകരിക്കുന്നു. ഇത്തരം വിഷയങ്ങളിൽ നീതിപീഠം സത്യസന്ധമായി കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്.

പി.വി. മുഹമ്മദ്, ഈസ്റ്റ് മലയമ്മ, കോഴിക്കോട്

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം

whatsapp: 9645006105
e-mail: varadyam@madhyamam.in

പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12

കഥ

# പിച്ചിപ്പൂക്കളും വെള്ളരിപ്രാവുകളും

എസ്. അരുണഗിരി



ചിത്രീകരണം: ജലാൽ അബൂസമ

വെള്ളപ്രാവുകളുടെ കൂടാരമാണ് പ്രൊഡക്ഷൻ എൻജിനീയർ സുമയുടെ മുറി. സ്വീപ്പർ രാധാമണിക്ക് ഈ മുറി തൂത്തുവാരുന്നതിൽപരം കലിപ്പ് വേറെയില്ല. പലവട്ടം അവർ ഫോർമാന് പരാതി കൊടുത്തു. ഫോർമാൻ കുമാരൻ, രാധാമണി പ്രാക്കളുടെ തീട്ടം കോരുന്നതിൽ ഉള്ളാലെ ആനന്ദിച്ചു. കുമാരൻെറ നോട്ടവും ചിരിയും വർത്തമാനവും ഒന്നും അവർക്ക് പിടിത്തമില്ല.

സുശീലയും നബീസയും മേരിയും കുമാരനെ നിലക്കുനിർത്തുന്നതിനുള്ള ചുറ്റിക്കളി വശമുള്ളവരാണ്. അവർക്ക് തൂത്തുവാരാൻ മുറികളില്ല. കമ്പനിയിലെ വർക്കേരിയയും വിശാലമായ മുറ്റവുമായതുകൊണ്ട് പ്രാവ്, മരപ്പട്ടി, കീരി ഇവറ്റകളുടെ തീട്ടംകോരാതെ പണിയെടുക്കാം.

രാധാമണി ഫോർമാൻ കുമാരനോട് തട്ടിക്കേറി.

"എനിക്ക് തീട്ടം കോരാൻ പറ്റില്ല."

"നിങ്ങൾ സ്വീപ്പറാണ്. എൻജിനീയറുടെറൂം അടിച്ചുവാരുന്ന സ്വീപ്പർ" -കുമാരൻ വിട്ടുവീഴ്ചയില്ലാതെ വ്യക്തമാക്കി.

രാധാമണി ചൂൽ നിലത്തിട്ട്, രണ്ട് കൈത്തലവും അരക്കുചേർത്ത് കുമാരനെ ഒരു നോട്ടം! കുമാരൻ കൂടുതൽ നേരം അങ്ങോട്ട് നോക്കാൻ നിൽക്കാതെ നടന്നു. ഇപ്പോ കാലം അത്ര ശരിയല്ല.

ക്ലർക്ക് രാമഭദ്രൻ മൂക്കിപ്പൊടി വലിച്ച് ഉച്ചത്തിൽ തുമ്മി കയറിവന്നു.

"അല്ല സാറെ, ഈ എൻജിനീയർ സുമസാറ് എന്തിനാ വീട്ടിലും ഓഫിസിലും വെള്ളപ്രാവുകളെ പോറ്റുന്നത്?"

രാമഭദ്രൻ നിന്നനിൽപിൽ രണ്ടുമൂന്ന് വട്ടം തുമ്മി. തുമ്മുന്നതിനിടക്ക് അയാൾ പറഞ്ഞൊപ്പിച്ചു, "മറ്റൊന്നിനേയും പോറ്റാനില്ലാത്തതുകൊണ്ടായിരിക്കും."

"വെള്ളപ്രാവുകൾ സ്നേഹത്തിൻെറയും സമാധാനത്തിൻെറയും ദൂതുമായി അനന്തതയിൽനിന്ന് മഹാ അനന്തതയിലേക്ക് പോകുന്നവരാണ്. അവർ വേദപുസ്തകത്തെ വിശുദ്ധമാക്കിയവരാണ്. പിന്നെങ്ങനെ സുമമാഡത്തിൻെറ റൂം പ്രാവുകൾ അശുദ്ധമാക്കും? " -ജൂനിയർ സൂപ്രണ്ട് ചാക്കോ സാർ തമാശയോടെയാണെങ്കിലും ഗൗരവം മുറിയാതെ പറഞ്ഞുകൊണ്ട് കാൻറീനിലേക്ക് നടന്നു.

"കല്യാണം കഴിച്ചില്ല, ആരുമായും അടുപ്പവുമില്ല, പ്രാക്കളും, പിച്ചിപ്പൂക്കളും! എന്തെര് സുമസാറ്?" -രാധാമണി മുറുക്കാൻപൊതിയഴിച്ച് ചവയ്ക്കുന്നതിനിടയിൽ ഒരു കഷണം കൊട്ടപ്പാക്ക് അണപ്പല്ലിലേക്ക് എറിഞ്ഞ് ചുണ്ടുകടിച്ച് പിറുപിറുത്തു.

സുമസാറിന് പാലക്കാട് യൂനിറ്റിലേക്ക് പ്രമോഷൻ ട്രാൻസ്ഫർ കിട്ടിയ വിവരം എം.ഡിയുടെ സ്റ്റെനോയിൽനിന്ന് ഞാനറിഞ്ഞിരുന്നു. കമ്പനിയിൽ വന്നുപോയ പല എൻജിനീയേഴ്സിൻെറയും സഹായിയായി പ്രൊഡക്ഷൻ മാനേജർ എന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാവരും എന്നെ പേരെ വിളിച്ചിട്ടുള്ളൂ. മൂക്കത്ത് ദേഷ്യമുള്ള ചിലരൊക്കെ വാടാപോടാ എന്നൊക്കെ വിളിച്ചിട്ടുണ്ട്. ഹോ! ഞാൻ പാവപ്പെട്ടവൻ. ഒന്നും കേട്ടില്ല, കണ്ടില്ല. ജീവിക്കണ്ടേ!

സുമസാർ എന്നെ 'ഹേ മിസ്റ്റർ' എന്നേ വിളിച്ചിട്ടുള്ളൂ. ഒരേ ഭാവത്തിലുള്ള വിളി. തുടങ്ങിയ നാൾമുതൽ ഇന്നേവരെ. ഒരുപിടി സവിശേഷതകളുള്ള ഒരു സ്ത്രീ. ഒരു തവണയെങ്കിലും അവർ ചിരിക്കുന്നത് ഞാൻ കണ്ടിട്ടില്ല. അൽപ നേരം ഒഴിവുകിട്ടിയാൽ അവർ മേശപ്പുറത്തിരിക്കുന്ന പിച്ചിപ്പൂക്കളെ ഉള്ളംകൈയിലെടുത്ത് നിർവികാരയായി ലാളിക്കുന്നത് കാണാം. അവരുടെ കുങ്കുമനിറമുള്ള മുഖത്തിന് നിറമാറ്റം വന്നതായി ഞാൻ ഓർക്കുന്നില്ല.

ആഴ്ചതോറുമുള്ള സ്റ്റോക്ക് പരിശോധനക്ക് ഫയലുകളുമായി കൂടെ പോകുന്നത് ഞാനാണ്. അവരുടെ വിരൽതുമ്പിൽ തൂങ്ങിയോടുന്ന അനുസരണയുള്ള കുട്ടിയേപ്പോലെ.

തുമ്പുകെട്ടിയ കറുത്തചുരുളൻ മുടിയുടെ വാസന കമ്പനി ജോലികളുടെ പൊറുതിമുട്ടുകളിൽനിന്ന് എനിക്കൊരാശ്വാസമാണ്.

ഒരു വൈകുന്നേരം അവർ എന്നെ വിളിച്ചു.

"ഹേ മിസ്റ്റർ, എപ്പോഴെങ്കിലും നിങ്ങൾ എൻെറ വീട്ടിൽവന്ന് അവിടെയുള്ള ഫയലുകൾ ഇങ്ങോട്ടു കൊണ്ടുപോരണം". ഞാൻ അന്നു വൈകീട്ടുതന്നെ ചെന്നു.പിച്ചിപ്പൂക്കളെ ലാളിക്കുന്ന അവരുടെ വീട്ടുമുറ്റത്ത് ഒരു തുമ്പച്ചെടിപോലും കാണാനില്ല. വെള്ളപ്രാവുകൾ പോയിട്ട് നാടൻപ്രാക്കൾപോലും അവിടെങ്ങും കണ്ടില്ല.

കമ്പ്യൂട്ടറിൽനിന്ന് ഉയർന്നുകൊണ്ടിരുന്ന സംഗീതം മാത്രം. ഇന്നേവരെയും ഞാൻ കേട്ടിട്ടില്ലാത്ത ഒരുതരം സംഗീതം! കേൾക്കുന്നവരെ നിസ്സംഗരാക്കുന്ന മായാസംഗീതം.

ഒരു കെട്ട് ഫയലുകൾ അവർ എനിക്കു നേരെ നീട്ടി.

"നിങ്ങൾ എനിക്കുതന്ന എല്ലാ സഹായങ്ങൾക്കും നന്ദിയുണ്ട്".

ഞാൻ അവരുടെ കുങ്കുമനിറമുള്ള മുഖത്തേക്കുനോക്കി ചിരിച്ചു. അവർ മറുപടി ചിരി ചിരിക്കുമെന്ന് ഞാൻ കരുതി. പക്ഷേ, ഉണ്ടായില്ല.

ഞാൻ വഴിയിലിറങ്ങി തിരിഞ്ഞുനോക്കി. ഒരുവേള അവരെന്നെ കൈവീശി യാത്രയാക്കിയാലോ? രണ്ടു കൈകളും ഗേറ്റിൽ താങ്ങി അവർ ആകാശത്തേക്കു നോക്കിനിൽക്കുകയായിരുന്നു. എന്തിനിത്രയും ആകാംക്ഷയോടെ അവർ മുകളിലേക്ക് നോക്കുന്നു?

ചുമട് നിലത്തിറക്കി ഞാൻ ശ്രദ്ധിച്ചു.

വളരെ ഉയരത്തിൽ പറക്കുന്ന പക്ഷിക്കൂട്ടം. ഒരു പക്ഷിയായി ആകാശത്തിലെവിടെയോ ഒരു ചില്ലയിൽ ചേക്കേറാൻ അവർ കൊതിക്കുകയായിരിക്കും! ●

കവിത

# തത്ത്വമസി

രമ്യ എസ്. ആനന്ദ്



അമ്മയില്ലാത്ത വീട്ടിലേക്ക്
ചെന്നുകയറുന്ന
കുഞ്ഞിനെപ്പറ്റി
എന്തറിയാം നിങ്ങൾക്ക്...?

കനത്തു കറുത്ത വന്മരങ്ങളുടെ നിഴലിൽ
നനഞ്ഞ മണ്ണുള്ള നാട്ടുവഴിയോരത്ത്
ഇരുൾനിറമുള്ള കരിമ്പടമായി
വീട് പതുങ്ങിക്കിടക്കും...

ഉൾക്കാട്ടിലെ
ഉറങ്ങാത്ത രാപ്പക്ഷിയുടെ
തേങ്ങൽപോലെ ഉൾത്തളത്തിൽ-
നിന്ന് വന്യശബ്ദങ്ങൾ.
അനാഥമായ പഴയൊരു കളിപ്പന്ത്
കാൽപാദത്തിൽ അരുമയോടെ
മുട്ടിക്കരയുന്നു.

കൈയൊടിഞ്ഞ കസേരയിൽ
അമർന്നുതേങ്ങുന്നു കുട്ടിക്കാലം.
വക്കുപൊട്ടിയ മുഖക്കണ്ണാടിയിൽ
നിങ്ങൾക്കു പരിചിതമല്ലാത്ത
നിങ്ങൾ...

നിരതെറ്റിയ പാഴ്ച്ചെടിക്കൂട്ടത്തിൽ
തലനിവർത്തി ഇന്നലെയുടെ
പനിനീർ ചെമ്പകം.

അടുക്കള വരാന്തയിലെ
വിയർപ്പ് കനച്ച കാറ്റിന്
ഓർമകളുടെ വേവുഗന്ധം...
പറയാനാകാതെപോയ സ്നേഹവും
പറഞ്ഞുപോയ പാഴ്വാക്കും
കടൽപോലെയിരമ്പുന്ന ഹൃദയവും...

ഉള്ളിൽ ഉറങ്ങുന്ന കുട്ടി
ദുഃസ്വപ്നക്കവാടത്തിൽ തലയമർത്തി-
പ്പുലമ്പുന്നു, ഉണരൂ...

വിളക്കുവെക്കാത്ത വാതിൽപ്പഴുതിൽ
തെളിഞ്ഞുകത്തുന്നുണ്ട്, പഴയൊരു കാലം...

വായന


# ഇടിക്കൂട്ടിലെ പൂമ്പാറ്റ

## ബോക്സിങ് ഇതിഹാസം മുഹമ്മദലിയുടെ ആത്മകഥയുടെ മലയാള പരിഭാഷയെക്കുറിച്ച്

ഡോ. ജമീൽ അഹ്മദ്

ആത്മകഥയെ വെറും ജീവിതകഥയായി പലരും തെറ്റിദ്ധരിച്ചതിനാൽ ചില ആത്മകഥകളെങ്കിലും വായനക്കാർക്ക് വിരസാനുഭവവും പ്രസാധകർക്ക് നഷ്ടക്കച്ചവടവുമായിത്തീരും. അങ്ങേയറ്റം സത്യസന്ധമായും ധീരമായും ഒരാൾ സ്വന്തം ആത്മസത്തയെ തുറന്നുവെക്കുന്ന വൈകാരികാനുഭവമാണ് യഥാർഥത്തിൽ ആത്മകഥകൾ. അത്തരം ആത്മഭാഷണങ്ങൾ അതിൻെറ വായനക്കാരെക്കൂടി ജീവിതത്തിൻെറ ആത്മീയ വെളിച്ചത്തിലേക്ക് നയിക്കും, അവർക്ക് മനുഷ്യൻെറ മഹത്വം പഠിപ്പിച്ചുകൊടുക്കും. ആ ആത്മകഥകൾ ഹൃദയ വേദനക്ക് മരുന്നും ഭാവി ജീവിതത്തിന് പ്രതീക്ഷയും നിരാശക്ക് ശമനവും നൽകും. ആത്മഹത്യയുടെ എണ്ണം കുറയാൻ ആ പുസ്തകങ്ങൾ കാരണമാകും. അത്തരമൊരു ആത്മകഥയുടെ മികച്ച ഉദാഹരണമായ ഒരു കൃതി ഇതാ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ബോക്സിങ് ഇതിഹാസം എന്ന് പുകൾപ്പെറ്റ മുഹമ്മദലി ക്ലേയുടെ ആത്മാഖ്യാനങ്ങളായ The Soul of a Butterfly: Reflections on Life's Journey എന്ന ഗ്രന്ഥത്തിൻെറ തർജമയാണ് അത്. മകളായ ഹന യാസ്മിൻ അലിയുമായി ചേർന്നാണ് അദ്ദേഹം ഈ ആത്മകഥ പൂർത്തീകരിച്ചിരിക്കുന്നത്.

കാഷ്യസ് മാർഷലസ് ക്ലേ ജൂനിയർ എന്നായിരുന്നു മുഹമ്മദലിയുടെ ആദ്യത്തെ പേര്. പിന്നീട് ഇസ്ലാം മതത്തോടൊപ്പം മുഹമ്മദലി എന്ന പേരും സ്വീകരിച്ചു. ലോകം കണ്ട ഏറ്റവും മികച്ച ബോക്സിങ് താരമായ മുഹമ്മദലി മൂന്നു പ്രാവശ്യം ലോക ഹെവിവെയ്റ്റ് ചാമ്പ്യനായി. 1960 ലെ കാഷ്യസ് ക്ലേ ഒളിമ്പിക്ക് സ്വർണമെഡൽ ജേതാവായിരുന്നു. പക്ഷേ, കറുത്തവരോടുള്ള വെള്ളക്കാരുടെ വംശീയമായ തൊട്ടുകൂടായ്മക്ക് ഒളിമ്പിക്സ് ജേതാവായിട്ടുകൂടി, താനും ഇരയായതിൽ പ്രതിഷേധം കനത്തപ്പോൾ, കാപട്യത്തിൻെറ സ്വർണംപൂശിയ ആ മെഡൽ അദ്ദേഹം ഓഹിയോ നദിയുടെ ചെളിയാഴത്തിലേക്ക് വലിച്ചെറിഞ്ഞു. സ്വന്തം വർഗത്തിൻെറ അഭിമാനത്തിനും നിലനിൽപിനും വേണ്ടിയായിരുന്നു പിന്നീട് അദ്ദേഹത്തിൻെറ പോരാട്ടം മുഴുവനും; റിങ്ങിനകത്തും പുറത്തും. മുഹമ്മദലിയുടെ ജീവചരിത്രങ്ങളൊക്കെയും അദ്ദേഹത്തെ ഹെവിവെയ്റ്റ് ചാമ്പ്യൻ എന്നതിനോടൊപ്പം മനുഷ്യസ്നേഹ പ്രവാചകൻ (philanthropist) എന്നുകൂടിയാണ് പരിചയപ്പെടുത്തുന്നത്. ഇടിക്കൂട്ടിൽ അപരൻെറ മുഖമടച്ച് പ്രഹരമേൽപ്പിക്കുന്ന ഒരാൾ മനുഷ്യസ്നേഹി എന്ന സവിശേഷതകൊണ്ട് അടയാളപ്പെടുത്തപ്പെടുന്നു എന്നതാണ് അലിയുടെ മഹത്വം. ഈ ആത്മകഥയുടെ ടിസ്റ്റും അതുതന്നെ.




പൂമ്പാറ്റയുടെ ആത്മാവ് (ആത്മകഥ)
മുഹമ്മദലി, ഹനാ യാസ്മിൻ അലി
വിവർത്തനം: ബഷീർ മിസ്അബ്
പേജ്: 182, വില: 199.00
ഐ.പി.എച്ച്

ഒരു വ്യക്തിയുടെ ജീവിതം മുഴുവൻ ക്രമത്തിലവതരിപ്പിക്കുക എന്ന പതിവു വിട്ട് രേഖീയമല്ലാത്ത വിചാരങ്ങളും കുറിപ്പുകളും അടുക്കിവെക്കുകയാണ് ഈ പുസ്തകം. കുറിപ്പുകളെ അദ്ദേഹം കവിത എന്നാണ് വിളിക്കുന്നത്. ശക്തമായ വൈകാരികചോദനകളിൽനിന്ന് പുറത്തേക്കൊഴുകുന്ന ചിന്തകളായതിനാൽ അവയെ കവിത എന്നു വിളിക്കുന്നതിൽ തെറ്റില്ല. "ജീവിതയാത്രയുടെ പ്രതിവീക്ഷണങ്ങൾ" എന്ന ഇംഗ്ലീഷ് തലക്കെട്ട് അതുകൊണ്ട് കൂടുതൽ അർഥവത്താണ്. കവിതകളും സൂഫി കഥകളും നിറഞ്ഞ ഈ പുസ്തകം ആത്മകഥമാത്രമല്ല, പലവിധ രുചിക്കൂട്ടുകൾകൊണ്ട് വേവിച്ചെടുത്ത വിശിഷ്ടമായ അക്ഷരാഹാരമാണ്. ലോക ചാമ്പ്യനായ വാപ്പയെ മകളുടെ കണ്ണിലൂടെ വായിച്ചെടുക്കുന്ന വ്യത്യസ്തമായ ഒരധ്യായവും ഈ കൃതിയിലുണ്ട്.


കർക്കറയെ കൊന്നതാര്, ഫീഹി മാ ഫീഹി തുടങ്ങിയ കൃതികളുടെ വിവർത്തനത്തിലൂടെ ശ്രദ്ധേയനായ ബഷീർ മിസ്അബിൻെറ പരിഭാഷ മൗലികകൃതിയെപ്പോലെ ആകർഷണീയവും കറയറ്റതുമാണ്. വായിച്ചുതുടങ്ങിയാൽ ഓരോ താളിലൂടെയും ഒഴുകി നീങ്ങുന്നവിധം ലളിതമധുരമായ ഈ തർജമക്ക് വ്യത്യസ്തമായ വിന്യാസവും അപൂർവ ചിത്രങ്ങളും നൽകി പ്രസാധകരായ ഐ.പി.എച്ച് മികച്ച പിന്തുണയാണ് നൽകിയിരിക്കുന്നത്. ഒന്നിലധികം കാരണങ്ങളുണ്ട് ഈ പുസ്തകം വായിപ്പിക്കുന്നതിന്. ഭാവി ജീവിതത്തെ നിശ്ചയദാർഢ്യത്തോടെ നേരിടാനുള്ള പ്രചോദനം ആഗ്രഹിക്കുന്ന ഒരാൾക്ക് ഇത് 'മോട്ടിവേഷനൽ' പുസ്തകമാണ്. ദൈവികമായ ആത്മസാധനയുടെ അനുഭവതലം അന്വേഷിക്കുന്നവർക്ക് ഇത് ആത്മീയ വായനയാണ് സമ്മാനിക്കുക. പാശ്ചാത്യലോകത്ത് നിലനിന്ന വർണവെറിയുടെ ചരിത്രം തേടുന്നവർക്ക് ചരിത്ര പുസ്തകവും കായിക വായന ഇഷ്ടപ്പെടുന്നവർക്ക് ബോക്സിങ് മത്സരങ്ങളുടെ ആകാംക്ഷ നിറഞ്ഞ ഗ്രന്ഥവുമാണ് ഇത്. ഒരേസമയം കുട്ടികൾക്ക് സമ്മാനിക്കാവുന്നതും ഗൗരവവായനക്ക് നിർദേശിക്കാവുന്നതുമായ അപൂർവ രചന. എങ്കിലും ഒരു കാര്യം ഉറപ്പാണ്. ഈ ആത്മകഥയിലെ ചില അധ്യായങ്ങൾ ഏതുതരം വായനക്കാരുടെയും കണ്ണു നിറയിക്കും. അത് ഈ കൃതിയുടെ ആകത്തുകയായ മനുഷ്യസ്നേഹത്തിൻെറ അടയാളമാണ്. മതാത്മകമായ ഹൃദയൈക്യത്തിൻെറ വിളംബരവും. ●

പുസ്തകം




**കർത്താവിൻെറ നാമത്തിൽ (ആത്മകഥ)**
സിസ്റ്റർ ലൂസി കളപ്പുര
പേജ്: 229, വില: 250.00
ഡി.സി ബുക്സ്

സഭയിലെ അധികാര ദുർവിനിയോഗത്തിൻെറയും അരാജകത്വത്തിൻെറയും പൗരോഹിത്യ മേധാവിത്വത്തിൻെറയും അഴിമതിയുടെയും തുറന്നെഴുത്ത് എന്ന നിലയിൽ ശ്രദ്ധപിടിച്ചുപറ്റിയ പുസ്തകം.



**ദ്രവ്യത്തിൻെറ അവസ്ഥകൾ (ശാസ്ത്രം)**
ജോമേൻ കെ.ജെ, ജീജ വേണുഗോപാൽ
പേജ്: 142, വില: 150.00
ഡി.സി റഫറൻസ്

നിത്യജീവിതത്തിലെ ശാസ്ത്ര അറിവുകൾ. ദ്രവ്യത്തിൻെറ പ്രധാന അവസ്ഥകളായ ഖരം, ദ്രാവകം, വാതകം എന്നിവയെ പരിചയപ്പെടുത്തുന്ന പുസ്തകം.




**എഴുത്ത്, വായന, ബഹുസ്വരത (ലേഖനം)**
എഡി: കെ.ഇ.എൻ
പേജ്: 186, വില: 190.00
മഴത്തുള്ളി പബ്ലിക്കേഷൻസ്

എഴുത്തും വായനയുമെല്ലാം ബഹുസ്വര സമൂഹത്തിൽ വലിയ അലയൊലികൾ സൃഷ്ടിക്കുന്നുണ്ട്. ഇവയെല്ലാം സ്പഷ്ടമായി വരഞ്ഞിടാനുള്ള ശ്രമമാണ് ഈ പുസ്തകം.



**ഓൺ ലൈവ് (ഓർമ)**
ഫിറോസ് കുന്നുംപറമ്പിൽ
പേജ്: 89, വില: 100.00
ഒലിവ് പബ്ലിക്കേഷൻസ്

ജീവകാരുണ്യ പ്രവർത്തനത്തിൽ സമാനതകളില്ലാത്ത സേവനം ചെയ്ത ഒരു ചെറുപ്പക്കാരൻെറ ഒരേസമയം ആവേശകരവും വേദനജനകവുമായ ഓർമകൾ.



**മഴ പെയ്ത വഴികളിൽ (കഥ)**
നജീബ് കാഞ്ഞിരോട്
പായൽ ബുക്സ്
പേജ്: 72, വില: 80.00

നർമവും രാഷ്ട്രീയവും പ്രവാസവും പ്രളയവുമെല്ലാം പ്രമേയങ്ങളാക്കി സാമൂഹിക തിന്മകളോട് സംവദിക്കുന്ന 16 കഥകൾ അടങ്ങിയ സമാഹാരം.




**ഏകാന്തലവ്യൻ (നോവൽ)**
രോഷ്നി സ്വപ്ന
പേജ്: 242, വില: 260.00
ഹരിതം ബുക്സ്

അധികാരത്തിനു മുന്നിൽ കാലങ്ങൾക്ക് മുമ്പേ ഉടൽവിരിച്ചുനിന്ന ഒരുവൻെറ ഏകാന്തതകളെ കുറിച്ചാണ് ഈ നോവൽ. സമകാലികത അവകാശപ്പെടാവുന്ന ഇതിവൃത്തം.



**പെണ്ണ് രാഷ്ട്രീയത്തെ തൊടുമ്പോൾ (അനുഭവം)**
നുസ്രത്ത് ജഹാൻ
പേജ്: 319, വില: 200.00
ഹാപ്പി വോയ്സ്

പെണ്ണ് രാഷ്ട്രീയത്തിൽ ഇടപെടുമ്പോൾ എങ്ങനെയാണ് പുരുഷ മേധാവിത്വവും അധികാര കേന്ദ്രങ്ങളും സമ്മർദങ്ങളും പ്രയാസങ്ങളും സൃഷ്ടിക്കുകയെന്ന് വിവരിക്കുന്നു ലേഖിക.



**മരണാനന്തരം (കഥ)**
അഹമ്മദ് ഷരീഫ് പി.
പേജ്: 72, വില: 75.00
ലിപി പബ്ലിക്കേഷൻസ്

സമകാലീന ജീവിതത്തിൻെറ നേർച്ചിത്രമായ ഒരുകൂട്ടം കഥകൾ. വർത്തമാനത്തിൻെറ വിഹ്വലതകളാണ് ഇതിൻെറ കാതൽ.



ഉണ്ണിയും പൂതവും; 'പൂതപ്പാട്ട്' ദൃശ്യാവിഷ്കാരത്തിൽനിന്ന്

ഇടശ്ശേരിയുടെ പൂതപ്പാട്ടിൻെറ മോഹിനിയാട്ട ആവിഷ്കാരത്തിലൂടെ ആസ്വാദനത്തിൻെറ പുതിയ തലം സൃഷ്ടിക്കുകയാണ് ഒരുകൂട്ടം നർത്തകികൾ

# 'മോഹിനിമാരുടെ പൂതപ്പാട്ട്'

പ്രമോദ് ഗംഗാധരൻ

'കേട്ടിട്ടില്ലേ തുടികൊട്ടും കലർ
ന്നോട്ടു ചിലമ്പിൻ കലമ്പലുകൾ...
അയ്യയ്യാ, വരവമ്പിളിപ്പൂങ്കല
മെയ്യിലണിഞ്ഞ കരിമ്പൂതം
മെയ്യിലണിഞ്ഞ കരിമ്പൂതം...'

ഇടശ്ശേരിയുടെ പൂതപ്പാട്ടിനോട് മലയാളികൾക്കുള്ള ഇഷ്ടം പറഞ്ഞറിയിക്കേണ്ടതില്ല. ഉണ്ണിയും നങ്ങേലിയും പൂതവുമെല്ലാം മലയാളികളുടെ മനസ്സിൽ എന്നേ ഇടംപിടിച്ചവരാണ്. കലാസ്വാദനത്തിൽ എന്നും മുൻപന്തിയിൽനിൽക്കുന്ന കേരളക്കരക്കായി ആസ്വാദനത്തിൻെറ പുതിയ തലം സൃഷ്ടിക്കുകയാണ് പൂതപ്പാട്ടിൻെറ മോഹിനിയാട്ടാവിഷ്കാരത്തിലൂടെ ഒരുകൂട്ടം കലാകാരികൾ. നാടകമായും ഏകാംഗ നൃത്തരൂപങ്ങളായും പൂതപ്പാട്ട് നിരവധിതവണ അരങ്ങിലെത്തിയിട്ടുണ്ടെങ്കിലും ഇത് ആദ്യമായാണ് ആ കാവ്യത്തിലെ ഓരോ കഥാപാത്രവും ഒരുമിച്ച് മോഹിനിയാട്ടരൂപത്തിൽ അവതരിക്കപ്പെടുന്നത്.



'പൂതപ്പാട്ട്' മോഹിനിയാട്ടാവതരണത്തിൽനിന്ന്

തൃശൂരിലെ സൂര്യകാന്തി സംഗീത നൃത്തസഭയാണ് ഈ ഉദ്യമത്തിനുപിന്നിൽ. പതിവു അവതരണരീതിയിൽനിന്ന് വ്യത്യസ്തമായി പൂതത്തിൻെറ മാതൃഭാവത്തിന് കൂടുതൽ പ്രാധാന്യം നൽകിയാണ് ഈ മോഹിനിയാട്ടാവിഷ്കാരം അരങ്ങിലെത്തിയത്. കുഞ്ഞുണ്ണിയും നങ്ങേലി എന്ന അമ്മയും തമ്മിലുള്ള ബന്ധത്തിൻെറയും മാതൃത്വത്തിൻെറ ശക്തിയുടെയും കഥയാണ് യഥാർഥത്തിൽ പൂതപ്പാട്ട്. അമ്മയാവുകയെന്ന സാക്ഷാത്കാരം നിഷേധിക്കപ്പെട്ടവളായാണ് കവിതയിലെ പൂതത്തെ ചിത്രീകരിച്ചിരിക്കുന്നത്.

കവിതയിലെ യഥാർഥ സാരത്തേക്കാൾ പൂതം എങ്ങനെ മാതൃവാത്സല്യം പ്രകടിപ്പിക്കുന്നുവെന്നതിന് പ്രാധാന്യം നൽകിയാണ് മോഹിനിയാട്ടാവിഷ്കാരം നടത്തിയിരിക്കുന്നത്. പൂതം എന്ന മാതാവിലുണ്ടാകുന്ന വികാരങ്ങൾ അതിൻെറ അങ്ങേയറ്റം ഉള്ളറിഞ്ഞുകൊണ്ടുതന്നെ കലാകാരി അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു. എങ്ങനെയാണ് പൂതം ഒരു വിശുദ്ധ വ്യക്തിയാകുന്നതെന്ന് ഈ കലാസൃഷ്ടി വരച്ചുകാണിക്കുന്നു.

മാതൃത്വത്തിൻെറ ശക്തിയും തീവ്രതയും കാണിക്കുന്ന രണ്ടു കഥാപാത്രങ്ങളായിത്തന്നെ നങ്ങേലി എന്ന അമ്മയും പൂതവും ദൃശ്യവത്കരിക്കപ്പെട്ടിരിക്കുന്നു. പലവിധമായ സാങ്കൽപിക കഥകളുടെ 'പൊട്ടിപ്പിരിഞ്ഞും കെട്ടിപ്പിണഞ്ഞും' ഉണ്ടായ ഒരു ദേവതാ സങ്കൽപമാണ് കവിതയിലെ പൂതമെന്ന് ഇടശ്ശേരിതന്നെ ഒരിക്കൽ വ്യക്തമാക്കിയിട്ടുണ്ട്. അതിനെ സാധൂകരിക്കുന്നു മോഹിനിമാരുടെ 'പൂതപ്പാട്ട്'.

കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ ടൂറിസം പ്രമോഷൻ കൗൺസിൽ കോഴിക്കോട്ട് നടത്തിയ 'നൃത്യതി' ദേശീയ നൃത്തോത്സവത്തിൽ പൂതപ്പാട്ട് അരങ്ങേറിയപ്പോൾ പ്രേക്ഷകർ കൈയടികളും നിറകണ്ണുകളോടുംകൂടി അതിനെ നെഞ്ചേറ്റി.

മലയാളികളുടെ വിശ്വാസത്തിൻെറ ഭാഗമായ മിത്തുകളുടെ പശ്ചാത്തലമാണ് പൂതപ്പാട്ടിൻെറ ഇതിവൃത്തം. ഈ പശ്ചാത്തലം വികസിപ്പിച്ചെടുത്തതാണ് പൂതപ്പാട്ടിൻെറ കലാരൂപങ്ങൾ ഓരോന്നും. പൂതവും അമ്മയും ഉണ്ണിയുംതന്നെയാണ് ഈ ദൃശ്യാവിഷ്കാരത്തിലെ പ്രധാന കഥാപാത്രങ്ങൾ. ഇവരെ സഹായിക്കാൻ മറ്റു രണ്ട് വേഷങ്ങൾകൂടി മോഹിനിയാട്ടത്തിൽ ചേർത്തിരിക്കുന്നു.



സുപരിചിതവും ലാളിത്യപൂർണവുമായ ഭാഷാപ്രയോഗംതന്നെയാണ് പൂതപ്പാട്ടിൻെറ സ്വീകാര്യത അത് ഏതു രൂപത്തിൽ വന്നാലും വർധിപ്പിക്കുന്നത്. ഇതിലെ ഭാഷാപ്രയോഗങ്ങൾ ഭാവനാത്മകമായ വായനക്ക് മാറ്റുകൂട്ടുന്നതിനാപ്പം ആസ്വാദനതലത്തെ അതിൻെറ ഔന്നത്യത്തിൽ എത്തിക്കുകകൂടി ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് മികച്ച ദൃശ്യകവിതയെന്ന രീതിയിൽ അരങ്ങിലെ നിറസാന്നിധ്യമായി പൂതപ്പാട്ട് മാറുന്നതും. ഈ സാധ്യതകൾ തന്നെയാണ് പൂതപ്പാട്ടിൻെറ മോഹിനിയാട്ടാവിഷ്കാരത്തിൻെറ നട്ടെല്ല്. നൃത്തം, സംഗീതാലാപനം, നാടകം തുടങ്ങി നിരവധി ആവിഷ്കാര സാധ്യതകൾ തുറന്നിട്ട കാവ്യത്തിന് കിട്ടുന്ന ഒരു അലങ്കാരംതന്നെയാണ് ഈ മോഹിനിയാട്ടാവിഷ്കാരം. കലാമണ്ഡലം ഗാഥ ഗോപി, കലാമണ്ഡലം നയന നാരായണൻ, കലാമണ്ഡലം നീന, കലാമണ്ഡലം റിയാരാജ്, അരുണിമ എന്നിവരാണ് പൂതപ്പാട്ടിലെ കഥാപാത്രങ്ങൾക്ക് വേദിയിൽ വേഷപ്പകർച്ച നൽകിയത്. ഈ ദൃശ്യാവിഷ്കാരം പിറവിയെടുത്തത് കലാമണ്ഡലം അക്ഷര ബിജീഷിൻെറ സംവിധാനത്തിലാണ്. ●

ദൃശ്യകല

# അതിജീവനത്തിൻെറ മഹോത്സവം

യാത്ര

ബഷീർ മാടാല

ബോംബ് സ്ഫോടനം, വെടിവെപ്പ്, തട്ടിക്കൊണ്ടുപോകൽ, തുടർബന്ദുകൾ... സംഘർഷഭരിതമായ സാമൂഹികാന്തരീക്ഷത്തിൽനിന്ന് മണിപ്പൂരികൾക്ക് വർഷത്തിലൊരിക്കൽ ലഭിക്കുന്ന ആശ്വാസമാണ് സാംഗായ് മഹോത്സവം. ഇക്കഴിഞ്ഞ വാരം നടന്ന ഉത്സവം കണ്ടതിൻെറ അനുഭവം വിവരിക്കുകയാണ് ലേഖകൻ...

മണിപ്പൂർ ഇന്നും അസ്തിത്വ പ്രതിസന്ധിയിൽനിന്ന് മോചനം നേടിയിട്ടില്ല. ആരാണ് അപകടകാരികൾ, ആരാണ് സമാധാനവാദികൾ എന്ന് തിരിച്ചറിയാനാവാത്ത നില. ഭരണകൂടവും തീവ്രവാദ ഗ്രൂപ്പുകളും സമാന്തരഭരണം നടത്തുന്ന പ്രദേശമാണിപ്പോഴും മണിപ്പൂർ. ഈ അസ്തിത്വപ്രതിസന്ധികളെ അതിജീവിക്കാൻ ഇവിടത്തെ ജനസമൂഹം പാടുപെടുകയാണ്. ഇതിൽനിന്നെല്ലാം മുക്തിനേടാൻ അവർ വർഷത്തിലൊരിക്കൽ ഇംഫാൽ പട്ടണത്തിൽ ഒത്തുകൂടും, 'സാംഗായ്' ഉത്സവത്തിനായി. എല്ലാ വർഷവും നവംബർ 21 മുതൽ 30 വരെ നടക്കുന്ന സാംഗായ് മഹോത്സവത്തിന് മണിപ്പൂരിൻെറ നാനാദിക്കുകളിൽ നിന്നായി ആയിരക്കണക്കിനാളുകളാണ് എത്തുക.

'സാംഗായ്' (കലമാൻ) സമാധാനത്തിൻെറയും സൗഹൃദത്തിൻെറയും സൗന്ദര്യത്തിൻെറയും പ്രതീകമാണ് മണിപ്പൂരികൾക്ക്. തങ്ങളുടെ സംസ്കാരത്തിൻെറ ഭാഗമായിട്ടുതന്നെയാണ് സാംഗായ് ഉത്സവത്തെയും മണിപ്പൂരികൾ കാണുന്നത്. വ്യത്യസ്ത ഗോത്ര ജാതി മതങ്ങളുടെ സംഗമഭൂമിയായ ഇവിടെ ഒരു കുടക്കീഴിൽ തങ്ങളുടെ പരമ്പരാഗത കലാവിഷ്കാരങ്ങളുടെ ചെപ്പുതുറക്കാനുള്ള വേദി കൂടിയാണിത്.

മുൻ വർഷങ്ങളിലെന്നപോലെ ഈ വർഷവും സാംഗായ് ഉത്സവത്തിനായി മാസങ്ങൾക്കുമുമ്പുതന്നെ ഇംഫാൽ പട്ടണം അണിഞ്ഞൊരുങ്ങിയിരുന്നു. എന്തിനുംഏതിനും അക്രമങ്ങൾ അഴിച്ചുവിടുന്ന വിഘടനവാദികളെ നിയന്ത്രിക്കാൻ പുതിയ സർക്കാറിനും സാധിച്ചിട്ടില്ല എന്ന് തെളിയിക്കുന്നതായി ആദ്യ സാംഗായ് ദിവസങ്ങളിലെ കാഴ്ചകൾ. മണിപ്പൂരിൽ വിന്യസിച്ചിരിക്കുന്ന ഇന്ത്യൻ പട്ടാളത്തിൻെറയും മണിപ്പൂർ പൊലീസിൻെറയും കനത്ത സുരക്ഷാവലയത്തിൽ മണിപ്പൂരിലെ മന്ത്രിമാർ സാംഗായ് വേദിയിൽ വന്നുപോയിക്കൊണ്ടിരുന്നു. ആയിരക്കണക്കിന് വരുന്ന ആസ്വാദകരെ മെറ്റൽ ഡിറ്റക്ടറുകൾ വഴിയാണ് കടത്തിവിട്ടുകൊണ്ടിരുന്നത്. എല്ലാ വർഷവും സാംഗായ് ഉത്സവം ഇങ്ങനെയൊക്കെത്തന്നെയാണ് നടക്കാറുള്ളത് എന്നതുകൊണ്ട് മണിപ്പൂരികൾക്ക് ഇതൊന്നും പുതുമയല്ല. മണിപ്പൂരിലേക്കെത്തുന്ന അന്യരാജ്യക്കാർക്കോ ഇതര സംസ്ഥാനത്തുള്ളവർക്കോ മാത്രമാണ് ഇതെല്ലാം അമ്പരപ്പിക്കുന്ന കാഴ്ചയായി അനുഭവപ്പെടുക.

ഇംഫാലിലെ പ്രസിദ്ധമായ കാംഗ്ലാ ഫോർട്ടിന് സമീപത്തെ പൊലീസ് പരേഡ് ഗ്രൗണ്ടിലും പോളോ ഗ്രൗണ്ടിലുമാണ് ഉത്സവം അരങ്ങേറുക.



സാംഗായ് മഹോത്സവത്തിൽനിന്ന്



മണിപ്പൂരിലെ ഗോത്രവിഭാഗക്കാരുടെ പരമ്പരാഗത കലകൾ അവതരിപ്പിക്കുന്നതോടൊപ്പം ഇവിടത്തെ വ്യത്യസ്ത വിഭാഗക്കാരായ മൈത്തേയ്, പങ്കൽസ് എന്നിവരുടെ കലാവിഷ്കാരങ്ങളും പത്തുദിവസം നീളുന്ന ഉത്സവത്തിൽ അരങ്ങേറും. ഏറ്റവും മനോഹരമായി ഒരുക്കിയ പ്രത്യേക സ്റ്റേജിൽ മണിപ്പൂരിൻെറ തനത് സംസ്കാരങ്ങൾ പ്രകടിപ്പിക്കുന്ന കലകളുടെ ആവിഷ്കാരം ഏത് രംഗകലകളെയും അമ്പരപ്പിക്കും. മണിപ്പൂരിൻെറ സ്വന്തമായ രാസലീലയുടെ നൃത്താവിഷ്കാരത്തോട് കിടപിടിക്കാൻ കഴിയുന്ന ഒരു നൃത്തവും ഇന്ത്യയിലില്ല.

ലോകപ്രശസ്തമായ രാസലീലയുടെ അവതരണത്തിൽ ഇവിടത്തെ കലാകാരികൾ കാഴ്ചവെക്കുന്ന മനോഹരമായ ചുവടുകൾ ആസ്വാദക ഹൃദയങ്ങളെ കീഴടക്കും. ഒരു മണിക്കൂറിലധികം നീളുന്ന ഈ നൃത്തം അതിൻെറ ചടുലത കൊണ്ടുതന്നെ എല്ലാവരെയും ആകർഷിക്കും.

ഗോത്രവർഗക്കാരായ കുക്കികളുടെ ബാംബൂ ഡാൻസ് സാംഗായ് ഫെസ്റ്റിവലിൻെറ മാറ്റുകൂട്ടുന്നതാണ്. ഗോത്രവർഗക്കാരായ സ്ത്രീകളും പുരുഷന്മാരും അണിനിരക്കുന്ന ബാംബൂ ഡാൻസിൻെറ ഓരോ ചുവടുകളിലും പതിയിരിക്കുന്ന അപകടങ്ങളെ വളരെ മനോഹരമായി മറികടക്കുന്ന കാഴ്ച കണ്ണിമവെട്ടാതെ ആരും നോക്കിനിൽക്കും. മൈത്തേയ് വിഭാഗക്കാരുടെ കബായ് രാഗ നൃത്തങ്ങൾ, മൈബി നൃത്തം, ലായ് ഹരോബാ നൃത്തം, മണിപ്പൂരിലെ മറ്റൊരു ഗോത്രവർഗമായ നാഗന്മാരുടെ ബാംബകോബി നൃത്തവുമൊക്കെ മനോഹരമാണ്. വേദിക്കു പുറത്ത് മണിപ്പൂരികളുടെ കരകൗശലത്തിൻെറ വേറിട്ട കാഴ്ചകൾ സമ്മാനിക്കുന്ന ധാരാളം നാട്ടുകച്ചവടക്കാരുടെ കേന്ദ്രങ്ങൾ കാണാം. തിരക്കിൻെറ പൊടിപൂരമാണ് അവിടെ. മണിപ്പൂരി സ്ത്രീകൾ സ്വന്തമായി നെയ്തുകൊണ്ടുവരുന്ന വസ്ത്രങ്ങൾ മുതൽ മുളകൊണ്ടുണ്ടാക്കിയ അത്യപൂർവ വസ്തുക്കൾ വരെ വളരെ ചുരുങ്ങിയ വിലയിൽ വാങ്ങാം. ഗോത്രവർഗക്കാരുടെ കച്ചവട കേന്ദ്രങ്ങളിൽ വ്യത്യസ്ത വർണങ്ങളിലുള്ള പരമ്പരാഗത രീതിയിൽ നിർമിച്ചെടുത്ത പ്രത്യേകതരം ഗൃഹോപകരണങ്ങൾ വിൽപനക്കായി നിരത്തിവെച്ചത് കാണാം.

നവംബറിലെ തണുപ്പിൻെറ ദിവസങ്ങളിൽ നടക്കുന്ന 'സാംഗായ്' ഇവിടത്തെ രാത്രികളെ ചൂടുള്ളതാക്കി മാറ്റുന്നു. വെട്ടിത്തിളങ്ങുന്ന വിളക്കുകൾക്കിടയിൽനിന്ന് ആയിരക്കണക്കിനാളുകൾ ഓരോരോ കാഴ്ചകളിൽ ആഴ്ന്നിറങ്ങുമ്പോൾ ഇത് ഒരു സംഘർഷഭൂമി തന്നെയോ എന്ന് സംശയിച്ചുപോകും. ഹിന്ദി വിരോധം ഇന്നും നിലനിൽക്കുന്ന ഇവിടെ മണിപ്പൂരിയും മീതൈയും ഇംഗ്ലീഷുമൊക്കെയായി യുവാക്കളും യുവതികളും സ്റ്റേജുകളിൽനിന്ന് സ്റ്റേജുകളിലേക്കും ചിലപ്പോൾ തെരുവിലേക്കും തങ്ങളുടെ സംഗീതത്തെ കൊണ്ടുപോകുന്നു.

സാംഗായ് ഫെസ്റ്റിവലിനോടനുബന്ധിച്ച് മണിപ്പൂരിലെ വിവിധ ഭക്ഷണങ്ങളും രുചിച്ചുനോക്കാൻ കഴിയും. ഇവിടത്തെ പ്രധാന ഭക്ഷണമായ ഇറൂമ്പ എല്ലാവർക്കും ഇഷ്ടപ്പെടാനിടയില്ല. വെജിറ്റേറിയൻ എന്നുപറഞ്ഞാലും മണിപ്പൂരിൽ മീൻ ഉണ്ടാകും. മീനില്ലാതെ മണിപ്പൂരികൾക്ക് ഭക്ഷണമില്ല. മലയാളികളുടെ ഭക്ഷണരീതികളോട് സാമ്യമുള്ളതായതുകൊണ്ട് ചോറും കറിയും ലഭിക്കാൻ വിഷമമില്ല. മണിപ്പൂരിലെ ഗോത്രവർഗക്കാർ വിളയിച്ചെടുക്കുന്ന ഖീർ എന്ന കറുത്ത അരികൊണ്ട് പായസവും മറ്റ് മധുരപലഹാരങ്ങളും ഇവർ ഉണ്ടാക്കുന്നു.

ഈ ഉത്സവത്തോടനുബന്ധിച്ചാണ് പോളോ മത്സരം നടക്കുന്നത്. ഇന്ത്യയിൽ മണിപ്പൂർ മാത്രമേ ഇതിന് വേദിയാവാറുള്ളൂ. യൂറോപ്യൻ രാജ്യങ്ങളിൽനിന്ന് ഇത്തവണയും 12 ടീമുകൾ മത്സരത്തിനെത്തിയിരുന്നു. കുതിരപ്പുറത്തിരുന്ന്, കുതിരയെ നിയന്ത്രിച്ച് പന്തുകളിക്കുന്ന 'പോളോ' പഴയ ബ്രിട്ടീഷ് അധിനിവേശകാലം ഓർമിപ്പിക്കും. ലക്ഷങ്ങൾ സമ്മാനം ലഭിക്കുന്ന ഈ കളി രാജ്യത്ത് മറ്റൊരിടത്തും ഇല്ലാത്തതുകൊണ്ടുതന്നെ ഇതൊരു അംഗീകാരമായി മണിപ്പൂരികൾ കരുതുന്നു.

പൊലീസിൻെറയും പട്ടാളത്തിൻെറയും നിയന്ത്രണത്തിൽ നടക്കുന്ന ഈ ഉത്സവത്തിനിടയിലും ഇവിടെ ഒരു ബോംബ് പൊട്ടിയാൽ പോലും അത് വാർത്തയാവാറില്ല. കാരണം, ബോംബ് പൊട്ടുന്നതും വെടിവെച്ച് കൊല്ലുന്നതും തട്ടിക്കൊണ്ടുപോകുന്നതുമൊക്കെ നിത്യസംഭവങ്ങളാണ് ഇവിടെ. എന്തായാലും സാംഗായ് ഉത്സവകാലത്ത് മണിപ്പൂരികൾ കൈമെയ് മറന്ന് ഉത്സവത്തിൽ മുഴുകിയിരിക്കും. 12 മണിക്കൂർ മുതൽ 1000 മണിക്കൂർ വരെ നീളുന്ന തുടർബന്ദുകളിൽ നിശ്ചലമാകുന്ന ഒരു നാട്ടിൽ, ഈ ഒരു കാലം മാത്രമാണവർക്ക് ആസ്വാദനത്തിനുള്ളത്. ●